# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KSD7/925/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 03/11/2025
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KSD7/925/2025 തീയ്യതി: 03/11/2025

## കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുരേശൻ പി വി | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2025 | 12-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2025 | 12-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

വിനോദ്കുമാർ വി - ഓഡിറ്റ് ഓഫീസർ

ജെനു കുര്യാക്കോസ് - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ബാബു എം - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സുനിൽകുമാർ എം - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ജനാർദ്ദനൻ സി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മുരളി എച്ച് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.അനിൽകുമാർ എൻ | സെക്രട്ടറി | 01-04-2024 | 05-09-2024 |
| ശ്രീ.ജയകൃഷ്ണൻ ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-09-2024 | 14-10-2024 |
| ശ്രീ.വിശ്വരാജ് എസ് | സെക്രട്ടറി | 15-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജയകൃഷ്ണൻ ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 29-10-2024 |
| ശ്രീ. അഭിലാഷ് ടി ആർ | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-10-2024 | 11-11-2024 |
| ശ്രീ.ബാലകൃഷ്ണൻ എം പി | അസിസ്റ്റന്റ് സെക്രട്ടറി | 12-11-2024 | 15-02-2025 |
| ശ്രീ.സുകേഷ് ഡി | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-02-2025 | 31-03-2025 |
| ഡോ.സുബ്ബരായ കെ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി ബന്തടുക്ക | 01-04-2024 | 31-03-2025 |
| ശ്രീമതി.വിനോദിനി എ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.ശ്രുതിമോൾ വി എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ.ജയകൃഷ്ണൻ വി | വെറ്റിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ശ്രീ.എം കെ രാജൻ | പ്രധാനാധ്യാപകൻ | 01-04-2024 | 14-06-2024 |
| ശ്രീ.ബാലചന്ദ്രൻ എൻ | പ്രധാനാധ്യാപകൻ | 15-06-2024 | 31-03-2025 |
| ശ്രീമതി.സഹല പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 15-05-2024 |
| ശ്രീമതി.ലിജി വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 15-05-2024 | 31-03-2025 |
| ശ്രീമതി.സുനിത ഇ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുറ്റിക്കോൽ സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ.അമൽ കരുൺ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബന്തടുക്ക സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീമതി.രമ്യശ്രീ പി വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.വിനീത കുമാരി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 10-01-2025 |
| ശ്രീ.മനോഹരൻ വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 10-01-2025 | 31-03-2025 |
| ശ്രീ.ഗണേശൻ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 12-09-2024 |
| ശ്രീമതി സിജെന.സി.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 12-09-2024 | 02-12-2024 |
| ശ്രീ.മൊയ്തീൻ കുട്ടി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 02-12-2024 | 13-01-2025 |
| ശ്രീ.വിനോദ്.പി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 13-01-2025 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷികകണക്കുകളിൽ വർഷങ്ങളായി ആവർത്തിച്ച വരുന്ന ന്യൂനതകൾ പരിഹരിക്കപ്പെടുന്നില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-2 |
| 4 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനു മേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നു. | 1-1-4 |
| 6 | വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ ലഭ്യമല്ല | 1-1-6 |
| 8 | റീക്കൺസിലിയേഷനിലെ അപാകതകൾ | 1-1-7 |
| 9 | വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകൾ സമ്പൂർണ്ണമാക്കി സൂക്ഷിച്ചില്ല. | 1-1-8 |
| 10 | ഷെഡ്യൂൾ B4-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-9 |
| 11 | B-9 ഷെഡ്യൂളിലെ ബാദ്ധ്യതാ നീക്കിയിരിപ്പുകളുടെ വിശദ വിവരങ്ങൾ ലഭ്യമല്ല. | 1-1-10 |
| 12 | ക്യാപ്പിറ്റൽ വർക്സ് ഇൻ പ്രോഗ്രസ് കണക്കുകൾ പൂർണമല്ല | 1-1-11 |
| 13 | ഷെഡ്യൂൾ B18-Advances And Deposits- അഡ്വാൻസ് രജിസ്റ്റർ അപൂർണം | 1-1-12 |
| 14 | ഷെഡ്യൂൾ B7-Deposits Received- ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണം | 1-1-13 |
| 15 | ഫണ്ടുകളുടെ ചെലവിന്റെ റവന്യൂ ക്യാപ്പിറ്റൽ വേർതിരിവിൽ അപാകതകൾ | 1-1-14 |
| 16 | സ്ഥിര നിക്ഷേപങ്ങളുടെ കണക്കുകളിൽ അപാകത | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഫണ്ടുകളുടെ വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 22 | ക്ഷേമ പദ്ധതികൾ | 1-7 |
| 23 | ക്യാഷ് പരിശോധന | 1-8 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 25 | പെർമിറ്റ് അനുവദിക്കുന്നതിലെ കാലതാമസം. കെട്ടിട നിർമ്മാണ അപേക്ഷകളിൽ കണ്ടെത്തുന്ന ന്യൂനതകൾ അപേക്ഷകനെ അറിയിച്ചതിനു ശേഷം തുടർ നടപടികൾ ഇല്ല. | 1-10 |
| 26 | അനധികൃത നിർമ്മാണങ്ങൾ–ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമല്ല. | 1-11 |
| 27 | അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. | 1-12 |
| 28 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടക രജിസ്റ്ററിലെ അപാകതകൾ. | 1-13 |
| 29 | ഫെസ്റ്റിവെൽ അഡ്വാൻസ് യഥാസമയം ക്രമീകരിച്ചിട്ടില്ല. | 1-14 |
| 30 | പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങിയിട്ടില്ല. | 1-15 |
| 31 | ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ - ക്രമീകരണ വിവരങ്ങൾ ലഭ്യമല്ല. | 1-16 |
| 32 | തനതുഫണ്ട് ചെലവുകൾ– അനുബന്ധ രേഖകൾ / ക്രമീകരണവിവരം ലഭ്യമാക്കിയില്ല. | 1-17 |
| 33 | വരൾച്ച ദുരിതാശ്വാസ കുടിവെള്ള വിതരണത്തിൽ അപാകതകൾ -7,19,245രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 34 | കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിലെ അപാകതകൾ | 1-19 |

| | | |
|---|---|---|
| 35 | കുടിവെള്ള പദ്ധതികൾക്ക് തുക കൈമാറിയത് - കരാറുടമ്പടി പാലിച്ചില്ല, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-20 |
| 36 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-21 |
| 37 | വിവിധ പദ്ധതികൾക്ക് വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-22 |
| 38 | എം.സി.എഫ് മോഡിഫിക്കേഷൻ, മാലിന്യ നിരീക്ഷണത്തിന്- സി.സി.ടി.വി. സ്ഥാപിക്കൽ - പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. | 1-23 |
| 39 | ഭിന്നശേഷി സഹായ ഉപകരണ വിതരണം-പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ | 1-24 |
| 40 | നെൽ കൃഷി വികസനം -കൂലിച്ചെലവ് പ്രോജക്ട് നിർവ്വഹണത്തിൽ അപാകത | 1-25 |
| 41 | കാർഷിക മേഖലയിലെ പദ്ധതി നിർവഹണം പരിശോധിച്ചതു പ്രകാരമുള്ള പൊതു നിർദേശങ്ങൾ | 1-26 |
| 42 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -തുക മുൻകൂറായി നൽകിയിട്ടും മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല | 1-27 |
| 43 | അങ്കണവാടികൾക്ക് ചുമർ ചിത്രം- കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി. | 1-28 |
| 44 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ– യഥാർത്ഥ മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി | 1-29 |
| 45 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ട നികുതികുറവു ചെയ്തിട്ടില്ല. | 1-30 |
| 46 | ജൽജീവൻ മിഷൻ പദ്ധതി- അവലോകനം | 1-31 |
| 47 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം -അവലോകനം | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | വായ്പാ/വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.07.2025 ലെ 4(1) തീരുമാനം പ്രകാരം തയ്യാറാക്കി 18.07.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025-ാം തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്

03.11.2025

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 വാർഷികകണക്കുകളിൽ വർഷങ്ങളായി ആവർത്തിച്ചു വരുന്ന ന്യൂനതകൾ പരിഹരിക്കപ്പെടുന്നില്ല.

1. ഷെഡ്യൂൾ B1-Panchayat Fund General- ഈ ഷെഡ്യൂളിൽ 310900101- Excess Of Income Over

Expenditure എന്ന കണക്കിൽ 2,58,93,575 രൂപ കണക്കാക്കിയിട്ടുണ്ട്. ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം 31.03.2025 ലെ ബാലൻസ് (Net Balance Being Surplus Or Deficit Carried Over To Balance Sheet) (-) 3,46,984 രൂപയാണ്. ഈ തുകയല്ല 310900101- Excess Of Income Over Expenditure എന്ന കണക്കിലേക്ക് 2024-25 വർഷം ക്യാരി ഓവർചെയ്തിട്ടുള്ളത്.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്

2024-25 വർഷത്തെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക് ഉള്ളതായി കാണുന്നു. സ്റ്റേറ്റ്മെന്റ് പ്രകാരം Net Cash Generated By Operating Activities, Investing Activities And Financing Activities (-) 2,88,65,010 രൂപയാണ്. എന്നാൽ Net Increase In Cash And Cash Equivalents 53,50,791രൂപയാണ്. തുകകൾ പൊരുത്തപ്പെടുന്നില്ല.

3. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

C) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (3) പ്രകാരം സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ വർഷങ്ങളായി ആവർത്തിച്ച് വരുന്നതും സംസ്ഥാന തലത്തിൽ തന്നെ സോഫ്റ്റ്വെയർ ക്രമീകരണത്തിലൂടെ പരിഹരിക്കപ്പെടേണ്ടതുമാണ്. എന്നാൽ സോഫ്റ്റ് വെയർ ദാതാക്കളുടെ ഭാഗത്തു നിന്നും ഇവ പരിഹരിക്കാനുള്ള നടപടികൾ ഉണ്ടായിട്ടില്ല.

**1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്താനായിട്ടില്ല.

**1-1-3 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമ പഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക, ലൈസൻസ് ഫീസ്, വ്യാപാരികളിൽ നിന്നുള്ള തൊഴിൽ നികുതി എന്നീ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല. വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തിയിട്ടുള്ളത് 31.03.2025 ന മാത്രമാണ്.

**1-1-4 ക്യാപിറ്റൽ കോൺട്രിബ്യൂഷനു മേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നു.**

2024-25 വർഷത്തെ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നത് വിവിധ ഫണ്ടുകളിൽ നിന്നുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകകളുടെ മേലാണ്. ജി.ഒ(എം.എസ്)നം.152/2011/തസ്വഭവ, തീയതി 26.07.2011 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Significant Accounting Policies പ്രകാരം ഡെപ്രിസിയേഷൻ ആസ്തികളുടെ മേലാണ് ചാർജ് ചെയ്യേണ്ടത്. ഇതിനു വിരുദ്ധമായി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനു മേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തതിന് വിശദീകരണം നൽകിയിട്ടില്ല.

**1-1-5 വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല**

31.03.2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം സാമ്പത്തിക വർഷത്തെ സെക്വർഡ് ലോൺ ഇനത്തിലെ നീക്കിയിരിപ്പ് തുക പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസിലെ നീക്കിയിരിപ്പുമായി ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ബി-5 ഷെഡ്യൂൾ പ്രകാരം 330500201-സെക്വർഡ് ലോൺ ബാലൻസ് തുക | ബി-16 ഷെഡ്യൂൾ പ്രകാരം 440500101-പ്രീ പെയ്ഡ് പ്രോഗ്രാം ഇനത്തിലെ ബാലൻസ് തുക | വ്യത്യാസം |
|---|---|---|
| 4,47,07,863 | 4,41,89,841 | 5,18,022 |

**1-1-6 ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ ലഭ്യമല്ല**

എ) തൻവർഷം രേഖപ്പെടുത്തിയ ഡെപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ബി) 2024-25 വർഷത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ രേഖപ്പെടുത്തിയ ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

**1-1-7 റീക്കൺസിലിയേഷനിലെ അപാകതകൾ**

വാർഷിക റീകൺസിലിയേഷൻ പത്രികയിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

| Bank | Remarks |
|---|---|
| എസ്.ബി.ഐ-4974 | Cheques Deposited But Not Cleared എന്ന കണക്കിൽ 7,500 രൂപ കാണിച്ചിട്ടുണ്ട്. ഇത് 11-09-2018 ലെ 118010500019 നമ്പർ രശീതി പ്രകാരം ഉള്ള തുകയാണ്. ഈ ചെക്ക് നൽകിയ വ്യക്തിയെ/ സ്ഥാപനത്തിനെ കണ്ടെത്തി തുക ഈടാക്കാതെ വർഷങ്ങളോളം Cheques Deposited But Not Cleared എന്ന കണക്കിൽ പെടുത്തുന്നത് ശരിയായ നടപടിയല്ല. |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ-Epayment- 105014 | Cheques Deposited But Not Cleared എന്ന കണക്കിൽ 05.08.2023 ലെ രശീതി നം. 1230000362, 11-08-2023 ലെ രശീതി നം.1230000370, 1230000372, 1230000373, 1230000374, 1230000376 എന്നിവ പ്രകാരമുള്ള തുക 594 രൂപ കാണിച്ചിട്ടുണ്ട്. ഈ ചെക്ക് നൽകിയ വ്യക്തിയെ/ സ്ഥാപനത്തിനെ കണ്ടെത്തി തുക ഈടാക്കാതെ വർഷങ്ങളോളം Cheques Deposited But Not Cleared എന്ന കണക്കിൽ പെടുത്തുന്നത് ശരിയായ നടപടിയല്ല. |

**1-1-8 വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകൾ സമ്പൂർണ്ണമാക്കി സൂക്ഷിച്ചില്ല.**

1) തൊഴിൽ നികുതി (എംപ്ലോയീസ്) രജിസ്റ്ററിൽ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്താത്തതിനാൽ

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരുമാനം, പിരിവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഉറപ്പ വരുത്താനായിട്ടില്ല.

2) തൊഴിൽ നികുതി (ട്രേഡേഴ്സ്, പ്രൊഫഷണൽസ്) രജിസ്റ്ററിൽ സംഗ്രഹം എഴുതിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) കെട്ടിട അപേക്ഷാ രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്ന വിവരങ്ങളും കെട്ടിട അപേക്ഷാ രജിസ്റ്ററിൽ തന്നെ രേഖപ്പെടുത്തിക്കാണുന്നു. ആയതിനാൽ പെർമിറ്റ് ഫീസ്, റഗുലറൈസേഷൻ ഫീസ് എന്നിവയുടെ കൃത്യത ഉറപ്പ വരുത്താനായിട്ടില്ല.

**1-1-9 ഷെഡ്യൂൾ B4-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

ഷെഡ്യൂൾ B4 ലെ ചുവടെ ചേർത്ത ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| 320100152 | Other Schemes | 2,00,000 | ഈ തുകകൾ മുന്നിരിപ്പ തുകകളാണ്. തുകകളുടെ വിശദാംശങ്ങളും തുക നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. |
| 320100198 | Grant From Suchitwa Mission | 16,40,756 | |
| 32100999 | Other Liabilities | 9,280 | |

**1-1-10 B-9 ഷെഡ്യൂളിലെ ബാദ്ധ്യതാ നീക്കിയിരിപ്പുകളുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.**

31.03.2025 ലെ ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| 350110104 | Employer Liabilities - Pension Contributions Payable | 31,332.00 | 30.03.2025 ലെ ജേണൽ നം. 42401073, 42401076 എന്നിവ പ്രകാരം മാർച്ച് 2025 ലെ ഈയിനത്തിലെ അക്രൂവൽ ചെലവ് 46,738 രൂപയാണ്. എന്നാൽ B9 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് ബാധ്യത 31,332 രൂപ മാത്രമാണ്. വ്യത്യാസത്തിന് വിശദീകരണം നൽകിയിട്ടില്ല. |
| 350110108 | Employer Liabilities - Pension Contributions Payable(NPS) | 28,043.00 | 30.03.2025 ലെ ജേണൽ നം. 42401077 പ്രകാരം മാർച്ച് 2025 ലെ ഈയിനത്തിലെ അക്രൂവൽ ചെലവ് 24,024 രൂപയാണ്. എന്നാൽ B9 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് ബാധ്യത 28,043 രൂപയാണ്. വ്യത്യാസത്തിന് വിശദീകരണം നൽകിയിട്ടില്ല. |
| 350200101 | Recoveries Payable - General Provident Fund | 224,600.00 | 30.03.2025 ലെ ജേണൽ നം. 42401075 പ്രകാരം മാർച്ച് 2025 ലെ ഈയിനത്തിലെ അക്രൂവൽ ചെലവ് 14,500 രൂപയാണ്. എന്നാൽ B9 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് ബാധ്യത 2,24,600 രൂപയാണ്. വ്യത്യാസത്തിന് |

| | | | |
|---|---|---|---|
| | | | വിശദീകരണം നൽകിയിട്ടില്ല. |
| 350200102 | Recoveries Payable - Kerala Panchayat/ Municipal Employees Provident Fund | 39,636.00 | 30.03.2025 ലെ ജേണൽ നം. 42401072, 42401075 എന്നിവ പ്രകാരം മാർച്ച് 2025 ലെ ഈയിനത്തിലെ അക്രൂവൽ ചെലവ് 30,436 രൂപയാണ്. എന്നാൽ B9 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് ബാധ്യത 39,636 രൂപ മാത്രമാണ്. വ്യത്യാസത്തിന് വിശദീകരണം നൽകിയിട്ടില്ല. |
| 350200103 | Recoveries Payable - State Life Insurance | 10,783.00 | 30.03.2025 ലെ ജേണൽ നം. 42401072, 42401075 എന്നിവ പ്രകാരം മാർച്ച് 2025 ലെ ഈയിനത്തിലെ അക്രൂവൽ ചെലവ് 9,883 രൂപയാണ്. എന്നാൽ B9 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് ബാധ്യത 10,783 രൂപയാണ്. വ്യത്യാസത്തിന് വിശദീകരണം നൽകിയിട്ടില്ല. |
| 350200104 | Recoveries Payable - Group Insurance Scheme | 11,400.00 | 30.03.2025 ലെ ജേണൽ നം. 42401072, 42401075 എന്നിവ പ്രകാരം മാർച്ച് 2025 ലെ ഈയിനത്തിലെ അക്രൂവൽ ചെലവ് 10,000 രൂപയാണ്. എന്നാൽ B9 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് ബാധ്യത 11,400രൂപയാണ്. വ്യത്യാസത്തിന് വിശദീകരണം നൽകിയിട്ടില്ല. |
| 350200105 | Recoveries Payable - Life Insurance Corporation | 24,289.00 | 30.03.2025 ലെ ജേണൽ നം. 42401072, 42401075 എന്നിവ പ്രകാരം മാർച്ച് 2025 ലെ ഈയിനത്തിലെ അക്രൂവൽ ചെലവ് 15,925 രൂപയാണ്. എന്നാൽ B9 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് ബാധ്യത 24,289രൂപയാണ്. വ്യത്യാസത്തിന് വിശദീകരണം നൽകിയിട്ടില്ല. |
| 350200111 | Recoveries Payable - Co-Operative Societies And Co-Operative Banks | 3,556.00 | ഈ തുക 31.03.2020 മുതൽക്കേ തന്നെ ILGMS ൽ മുന്നിരിപ്പ് തുകയാണ്. തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350200115 | Recoveries Payable - Dues To Other Local Government Institutions | 12,000.00 | 31.03.2023 ലെ ജേണൽ 42201133 പ്രകാരമുള്ള 17,000 രൂപയിൽ 5,000രൂപ അതാത് പഞ്ചായത്തുകളിലേക്ക് അയച്ചിട്ടുണ്ട്.ശ്രീ.Abdulla KM എന്നവരുടെ 12,000 രൂപ ബന്ധപ്പെട്ട പഞ്ചായത്തിലേക്ക് അയച്ചിട്ടില്ല. കാരണം വിശദമാക്കി യിട്ടില്ല. |

| | | | |
|---|---|---|---|
| 350200117 | Recoveries Payable – MEDISEP | 8,000.00 | 30.03.2025 ലെ ജേണൽ നം. 42401072, 42401075 എന്നിവ പ്രകാരം മാർച്ച് 2025 ലെ ഈയിനത്തിലെ അക്രൂവൽ ചെലവ് 6,000 രൂപയാണ്. എന്നാൽ B9 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് ബാധ്യത 8,000രൂപയാണ്. വ്യത്യാസത്തിന് വിശദീകരണം നൽകിയിട്ടില്ല. |
| 350200201 | Recoveries Payable – Income Tax Deducted At Source | 2,002.00 | നീക്കിയിരിപ്പുള്ള തുക ഏത് പ്രോജക്റ്റിൽ നിന്ന് എന്ന് റിക്കവർ ചെയ്ത തുകയാണ് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. |
| 350200202 | Recoveries Payable – Value Added Tax | 13,188.00 | ഇത് വർഷങ്ങളോളമായി മുന്നിരിപ്പ് ഉള്ള തുകയാണ്. ഇത് സർക്കാരിലേക്ക് അടക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350200203 | Recoveries Payable – Kerala Building And Other Construction Workers Welfare Board (KCWWF) | 1,391.00 | നീക്കിയിരിപ്പുള്ള തുക ഏത് പ്രോജക്റ്റിൽ നിന്ന് എന്ന് റിക്കവർ ചെയ്ത തുകയാണ് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. |
| 350200204 | Recoveries Payable – National Pension Scheme | 28,043.00 | 30.03.2025 ലെ ജേണൽ നം. 42401075 പ്രകാരം മാർച്ച് 2025 ലെ ഈയിനത്തിലെ അക്രൂവൽ ചെലവ് 24,024 രൂപയാണ്. എന്നാൽ B9 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് ബാധ്യത 28,043 രൂപയാണ്. വ്യത്യാസത്തിന് വിശദീക രണം നൽകിയിട്ടില്ല. |
| 350300103 | Government And Other Dues Payable – Value Added Tax | 71,795.00 | ഇത് വർഷങ്ങളോളമായി മുന്നിരിപ്പ് ഉള്ള തുകയാണ്. ഇത് സർക്കാരിലേക്ക് അടക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350300111 | Government And Other Dues Payable – Flood Cess | 1,504.00 | ഈ ഹെഡിൽ നിന്ന് നാളിതു വരെ ഒരു തുകയും സർക്കാരിലേക്ക് അടച്ചിട്ടില്ല, തുക അടക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350300112 | Government And Other Dues Payable –Value | 10,710.00 | ഈ ഹെഡിൽ നിന്ന് നാളിതു വരെ ഒരു തുകയും സർക്കാരിലേക്ക് അടച്ചിട്ടില്ല, തുക അടക്കാത്തതിന് വിശദീകരണം |

| | | | |
|---|---|---|---|
| | Of Court Fee Stamp | | നൽകിയിട്ടില്ല. |
| 350300199 | Government And Other Dues Payable – Others | 2,185,434.00 | 04.07.2024 ലെ ജേണൽ 1240000260 പ്രകാരം വിവിധ കുടിവെള്ള പദ്ധതി കൾക്കായി വാട്ടർ അതോറി റ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ബാലൻസ് വന്ന തുക പഞ്ചായത്തിലേക്ക് തിരിച്ചട ക്കുന്നത് എന്ന നറേഷനോടു കൂടി രേഖ പ്പെടുത്തിയ തുകയാണ് ഇത്. തുകകൾ ഡെപ്പോസിറ്റ് ചെയ്തതിന്റെ വിവരങ്ങളും തുകകളുടെ വിനിയോഗ വിവരങ്ങളും തിരികെ ലഭിച്ച തുകകൾ ഏതൊക്കെ പ്രോജക്ടുകളുടെ തുകയാണ് എന്ന വിവര വും ലഭ്യമാക്കിയിട്ടില്ല. |
| 350400501 | Refunds Payable – Grants And Funds | 455,915.00 | ഇത് 31.03.2020 മുതലുള്ള മുന്നിരിപ്പ് തുകയാണ്. ഇത് സർക്കാരിലേക്ക് അടക്കാത്തതിന് വിശദീകരണം നൽകി യിട്ടില്ല. |
| 350800101 | Liability In Respect Of Stale Cheques | 5,999.00 | 31.03.2022 ലെ 1210000262 നമ്പർ രശീതി പ്രകാരം രേഖപ്പെടുത്തിയ തുകയാണ് ഇത്. നാളിതു വരെ ഈ ചെക്കിന് പകരം ചെക്ക് നൽകിയിട്ടില്ലേ എന്ന് പരിശോധിക്കാനും ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനും ആവശ്യ പ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വ യറിക്ക് മറുപടി നൽകിയിട്ടില്ല. |
| 350800199 | Other Creditors | 95,660.00 | ഇത് 31.03.2020 മുതലുള്ള മുന്നിരിപ്പ് തുകയാണ്. തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

**1-1-11 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് കണക്കുകൾ പൂർണമല്ല**

412010101- Capital Work In Progress എന്ന ഹെഡിൽ 31.03.2025 ന് നീക്കിയിരിപ്പില്ല. പ്രോജക്ട് നം. 274 ന് 2024-25 ൽ നൽകിയ പാർട്ട് ബിൽ തുക ഈ ഹെഡിൽ പെടുത്തിയിട്ടില്ല.

**1-1-12 ഷെഡ്യൂൾ B18-Advances And Deposits- അഡ്വാൻസ് രജിസ്റ്റർ അപൂർണം**

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 36,48,964 രൂപ Advances And Deposits എന്ന കണക്കിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ,

എ) അഡ്വാൻസ് രജിസ്റ്റർ അപൂർണമായാണ് സൂക്ഷിച്ചിട്ടുള്ളത്. 460100101, 460500501, 460509901 എന്നീ അഡ്വാൻസുകളുടെ വിവരങ്ങൾ മാത്രമേ എഴുതിയിട്ടുള്ളൂ. 460100199, 460800501 എന്നീ അഡ്വാൻസുകളുടെ വിവരങ്ങൾ എഴുതിയിട്ടില്ല.

ബി) 460500501- Advance To Implimenting Officers എന്ന കണക്കിൽ മുന്നിരിപ്പുള്ള 63,925 രൂപയുടെ വിവരങ്ങൾ രജിസ്റ്ററിൽ 2024-25 വർഷത്തേക്ക് ക്യാരി ഓവർ ചെയ്തിട്ടില്ല.

സി) ലൈഫ് ഭവന പദ്ധതിക്കായി 2024-25 ൽ അധികം ചെലവഴിച്ച സംസ്ഥാന വിഹിതം 6,10,000 രൂപ 460500501- Advance To Implimenting Officers എന്ന ഹെഡിൽ അഡ്വാൻസ് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. (അഡ്വാൻസ് രജിസ്റ്ററിൽ ഈ വിവരങ്ങൾ എഴുതിയിട്ടില്ല.) പിന്നീട് സംസ്ഥാന വിഹിതം തുക ലഭിച്ചിട്ടും അഡ്വാൻസ് കണക്ക് ക്രമീകരിച്ചിട്ടില്ല.

### 1-1-13 ഷെഡ്യൂൾ B7-Deposits Received- ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണം

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരം 9,53,143 രൂപ Deposits എന്ന കണക്കിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ,

എ) ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണമായാണ് സൂക്ഷിച്ചിട്ടുള്ളത്. 340100101, 340100203, 340200101 എന്നീ ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ മാത്രമേ എഴുതിയിട്ടുള്ളൂ. ഷെഡ്യൂളിലെ മറ്റ് ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ എഴുതിയിട്ടില്ല.

| | | | |
|---|---|---|---|
| 340100101 | Contractors' Earnest Money Deposit | 2,550.00 | ഈ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ് തുകകൾ രജിസ്റ്ററിൽ ക്യാരി ഓവർ ചെയ്തിട്ടില്ല. ആയതിനാൽ ഈ ഹെഡുകളിലെ മുന്നിരിപ്പ് തുകകളുടെ വിവരങ്ങൾ ലഭ്യമല്ല. |
| 340100203 | Bidders' Security Deposit | 60,522.00 | |
| 340200101 | Rent Deposit | 30,541.00 | |
| 340100103 | Bidders' Earnest Money Deposit | 34,450.00 | ഇത് മുന്നിരിപ്പ് തുകയാണ്. വിശദാംശങ്ങൾ ലഭ്യമല്ല. |
| 340100102 | Suppliers' Earnest Money Deposit | 14,618.00 | ഈ ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 340100202 | Suppliers' Security Deposit | 425.00 | |
| 340100301 | Contractors' Retention | 323,162.00 | |
| 340100303 | Election Deposit | 54,000.00 | |
| 340109901 | Other Deposits | 58,582.00 | |
| 340200102 | Auction Deposit | 63,240.00 | |
| 340200199 | Other Deposits | 500.00 | |
| 340800101 | Deposit Received From Others | 310,553.00 | |

### 1-1-14 ഫണ്ടുകളുടെ ചെലവിന്റെ റവന്യൂ ക്യാപ്പിറ്റൽ വേർതിരിവിൽ അപാകതകൾ

1) സ്വച്ഛ് ഭാരത് മിഷൻ ഫണ്ടിൽ നിന്നും 2024-25 ലെ ആകെ ചെലവ് 2,19,101 രൂപയാണ്. എന്നാൽ റവന്യൂ ഗ്രാന്റ് (160100674) ആയി 60,000 രൂപയും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി (312109901) 1,71,101 രൂപയും (ആകെ 2,31,101) രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.

2) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി റോഡുകളുടെ കോൺക്രീറ്റ്, സോളിംഗ്, റോഡുകളുടെ ഉപരിതലത്തിൽ ചെങ്കല്ല് പാകൽ, വിവിധ വ്യക്തിഗത ആസ്തികളുടെ നിർമാണം എന്നിവയുടെ മെറ്റീരിയൽ വിലയായി 2024-25 ൽ ആകെ 1,47,96,011 രൂപ വെണ്ടർമാരുടെയും ഗുണഭോക്താക്കളുടെയും അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ തൊഴിലാളികളുടെ

വേതനവും ഇതിനകം തന്നെ തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്.പ്രസ്തുത പ്രവർത്തികൾ പൂർത്തിയായെങ്കിലും ഇതിലെ മൂലധന ചെലവുകൾ കണക്കാക്കി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി രേഖപ്പെടുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയിലെ മുഴുവൻ ചെലവും (7,70,61,133 രൂപ) റവന്യൂ ഗ്രാന്റ് ആയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-1-15 സ്ഥിര നിക്ഷേപങ്ങളുടെ കണക്കുകളിൽ അപാകത

സ്ഥിര നിക്ഷേപങ്ങളുടെ 31.03.2025 ലെ യഥാർത്ഥ നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക (31.03.2025) | കാലാവധി പൂർത്തിയാകുന്ന തീയതി |
|---|---|---|---|---|
| 1 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ബന്തടുക്ക ബ്രാഞ്ച് | 17841880-1200093 | 16,52,993 | 01.04.2025 |
| 2 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ബന്തടുക്ക ബ്രാഞ്ച് | 13009 | 56,97,656 | 04.06.2025 |
| 3 | കുറ്റിക്കോൽ അഗ്രിക്കൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1260 | 4,02,265 | 08.06.2025 |
| 4 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 39346907857 | 61,18,408 | 25.05.2025 |
| 5 | കുറ്റിക്കോൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 13484 | 74,19,759 | 10.06.2025 |
| 6 | കാനറാ ബാങ്ക്, കുറ്റിക്കോൽ ബ്രാഞ്ച് | 140218561-860/1 | 10,00,000 | 05.06.2026 |
| | | | **2,22,91,081** | |

സ്ഥിര നിക്ഷേപങ്ങളുടെ നീക്കിയിരിപ്പ് 2,22,91,081 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 31.03.2025 ലെ നീക്കിയിരിപ്പ് 2,21,77,467 രൂപയാണ്. 1,13,614 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

### 1-2 ബജറ്റ്

2024-25വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1<br>തി: 16.02.2024 | 10/1<br>തി: 05.03.2025 |
| മുന്നിരിപ്പ് | 18,65,226 | 1,11,06,798 |
| വരവ് | 22,91,97,666 | 32,00,43,794 |
| ആകെ | 23,10,62,892 | 33,11,50,592 |
| ചെലവ് | 22,39,42,906 | 32,69,38,724 |
| നീക്കിയിരിപ്പ് | 71,19,986 | 42,11,868 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2024-25 |
| മുന്നിരിപ്പ് | 15886909 |
| വരവ് | 56811746 |
| ആകെ | 72698655 |
| ചെലവ് | 51460955 |
| നീക്കിയിരിപ്പ് | 21237700 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33,74,872/- |
| ഓഡിറ്റിൽ നിരാകരിച്ച തുക | ഇല്ല |

## 1-4 ഫണ്ടുകളുടെ വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 1,98,56,000 | 1,98,56,000 | 1,98,56,000 | 0 | 0 |
| വികസനഫണ്ട് എസ്.സി.എസ്.പി. | | 0 | 5,83,000 | 5,83,000 | 5,83,000 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 96,24,000 | 96,24,000 | 96,24,000 | 0 | 0 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (Untied) | ബാങ്ക് | 26,52,111 | 36,07,060 | 62,59,171 | 43,29,810 | 19,29,361 | 0 |
| | ട്രഷറി | 0 | 5,449 | 5,449 | 0 | 0 | 5,449 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied ) | ബാങ്ക് | 36,40,335 | 76,55,000 | 1,12,95,335 | 23,51,986 | 89,43,349 | 0 |
| | ട്രഷറി | 0 | 20,18,412 | 20,18,412 | 3,65,468 | 0 | 16,52,944 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | | 0 | 2,55,00,000 | 2,55,00,000 | 1,90,84,252 | 0 | 64,15,748 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | | 0 | 1,02,42,000 | 1,02,42,000 | 78,87,845 | 0 | 23,54,155 |
| വിവിധ പെൻഷനുകൾ | | 0 | 5,70,94,100 | 5,70,94,100 | 5,70,94,100 | 0 | 0 |
| സംയുക്ത പദ്ധതി ബ്ലോക്ക്പഞ്ചായത്ത് | | 5,644 | 8,12,600 | 8,18,244 | 8,12,600 | 5,644 | 0 |
| ജില്ലാ പഞ്ചായത്ത് | | 1,00,044 | 14,60,000 | 15,60,044 | 14,60,000 | 1,00,044 | 0 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | | | |
| എംജിഎൻആർഇജിഎസ് | | 3,066 | 7,70,58,295 | 7,70,61,361 | 7,70,61,133 | 228 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | | 34,41,679 | 28,61,544 | 63,03,223 | 15,00,000 | 48,03,223 | 0 |

| | | | | | | |
|---|---|---|---|---|---|---|
| PYKKA | 5,13,114 | 13,384 | 5,26,498 | 0 | 5,26,498 | 0 |
| സ്വച്ച് ഭാരത് മിഷൻ | - | 2,19,101 | 2,19,101 | 2,19,101 | 0 | 0 |
| 320100202 ഹെൽത്ത് ഗ്രാന്റ്- Diagnostic Infrastructure | 9,56,962 | 4,05,286 | 13,62,248 | 3,15,732 | 10,46,516 | 0 |
| 320100204 ഹെൽത്ത് ഗ്രാന്റ് -Conversion Of PHCs To HWCs | 3,45,583 | 6,11,401 | 9,56,984 | 2,13,137 | 7,43,847 | 0 |
| 320100203- ഹെൽത്ത് ഗ്രാന്റ്- Building Grant To Buildingless Sub Centres | 56,11,000 | 1,88,426 | 57,99,426 | 20,19,860 | 37,79,566 | 0 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | | |
| അഗതിരഹിത കേരളം | | 7,37,682 | 7,37,682 | 0 | 7,37,682 | 0 |
| കോർപ്പസ് ഫണ്ട് | 34,41,785 | 0 | 34,41,785 | 0 | 34,41,785 | 0 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 1,20,000 | 7,30,000 | 8,50,000 | 14,60,000 | (-)6,10,000* | 0 |
| ശുചിത്വ മിഷൻ | 16,40,756 | 0 | 16,40,756 | 0 | 16,40,756 | 0 |
| സാക്ഷരത | 17,968 | 544 | 18,512 | 0 | 18,512 | 0 |
| **മറ്റുള്ളവ** | | | | | | |
| CMDRF സംഭാവന | 1,250 | 8,770 | 10,020 | 10,020 | 0 | 0 |
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടച്ചത്) | 57,095 | 3,59,416 | 4,16,511 | 3,56,590** | 59,921 | 0 |

1) വികസനഫണ്ട്-ജനറൽ - സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി((ലൈഫ് ഭവനപദ്ധതി വായ്പാ തിരിച്ചടവ്, അങ്കണവാടി വർക്കർമാർക്കുള്ള പ്രതിഫലം) കുറവ് ചെയ്ത തുകയായ 22,63,876/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി (ലൈഫ് ഭവനപദ്ധതി വായ്പാ തിരിച്ചടവ്) കുറവ് ചെയ്ത തുകയായ 85,506/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി (ലൈഫ് ഭവനപദ്ധതി വായ്പാ തിരിച്ചടവ്) കുറവ് ചെയ്ത തുകയായ 29,37,934/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ വരവു വന്ന പലിശ 2,60,689 രൂപ ബേസിക് ഗ്രാന്റിൽ വരവായി ചേർത്തിട്ടുണ്ട്.

5) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 1,73,45,403 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ജനറൽ പർപ്പസ് അക്കൗണ്ട് കൈകാര്യം ചെയ്യുന്ന ട്രഷറി അക്കൗണ്ടിൻ നിന്നും 30.03.2025 ന് 82,59,956 രൂപ സർക്കാർ റിസംപ്ഷൻ നടത്തിയിട്ടുണ്ട്. ഈ അക്കൗണ്ടിലെ തൻവർഷ നീക്കിയിരിപ്പ് 0 രൂപയാണ്.

6) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനമിനത്തിലും സാമഗ്രികളുടെ വിലയിനത്തിലും തൊഴിലാളികളുടെയും സപ്ലൈയർമാരുടെയും അക്കൗണ്ടുകളിലേക്ക് നേരിട്ട് 7,50,33,378

രൂപ നൽകിയിട്ടുണ്ട്. ആയത് ഉൾപ്പെയെയുള്ള വരവു ചെലവുകളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

*ലൈഫ് പദ്ധതി സംസ്ഥാന വിഹിതം- അധികം ചെലവഴിച്ച സംസ്ഥാന വിഹിതം 6,10,000 രൂപ 460500501-Advance To Implimenting Officers എന്ന കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

** ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടച്ചത്)- ചെലവ് തുകയിൽ 8,990 രൂപ 2023-24 ലെ പ്രോജക്ട് നം.142 (ബയോ കമ്പോസ്റ്റ്) ൽ പിരിച്ചെടുത്ത തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകിയതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 168738129 | 156 | 80703286 | 2 | 80 | 66.1 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ- ഇല്ല.

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2024-25 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2024-25 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 44 | 17837717 | 29 | 9255135 | 51.89 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 6414900 | 06 | 3819525 | 59.54 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 93 | 65126631 | 59 | 35154645 | 53.98 |
| 4 | കൃഷി ഓഫീസർ | 08 | 2916710 | 08 | 2058305 | 70.57 |
| 5 | വെറ്റിനറി സർജ്ജൻ | 07 | 1366600 | 04 | 1161359 | 84.98 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 13 | 54636707 | 13 | 15779897 | 28.88 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 6786950 | 12 | 6237496 | 91.90 |
| 8 | പ്രധാനാധ്യാപകൻ | 31 | 5662189 | 11 | 1678015 | 29.64 |
| 9 | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി | 12 | 4901635 | 09 | 3123581 | 63.73 |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | 02 | 400000 | 02 | 400000 | 100 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ/ ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02 | 2548090 | 02 | 1979328 | 77.68 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01 | 140000 | 01 | 56000 | 40 |
| | **ആകെ** | **236** | **168738129** | **156** | **80703286** | **47.83** |

കുറിപ്പ്: സ്രോതസ്സിൽ നിന്നും വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ നിന്നും ഈടാക്കിയ ₹22,63,876 (ലൈഫ് മിഷൻ വായ്പ തിരിച്ചടവ്- 818476 രൂപയും, അംഗനവാടി ജീവനക്കാരുടെ പ്രതിഫലം- 1445400 രൂപയും), വികസന ഫണ്ട്(ടി.എസ്.പി) ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറച്ച 29,37,934 രൂപ (ലൈഫ് മിഷൻ വായ്പ തിരിച്ചടവ്) , വികസന ഫണ്ട്(എസ്.സി.പി) ഇനത്തിൽ സ്രോതസ്സിൽ നിന്നും

കുറച്ച 85,506 രൂപയും (ലൈഫ് മിഷൻ വായ്പ തിരിച്ചടവ്) മേൽപട്ടികയിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി അടങ്കലിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 3066 | 2024917 | 2027983 | 2027755 | 228 |
| വേതനം, മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 75033378 | 75033378 | 75033378 | 0 |
| **ആകെ** | **3066** | **77058295** | **77061361** | **77061133** | **228** |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2024-25 വർഷം 1343 പദ്ധതികളുൾപ്പെടുന്ന 21.405 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻവർഷം 768 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 157598 തൊഴിൽ ദിനങ്ങൾ തൻവർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 741 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2773800 | 177 |
| വിധവാപെൻഷൻ | 17827500 | 1146 |
| വാർദ്ധക്യകാലപെൻഷൻ | 29629900 | 1896 |
| വികലാംഗപെൻഷൻ | 5943300 | 381 |
| അവിവാഹിതകളായ 50വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 769600 | 46 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2025 തീയതിയിൽ 3 Pm - ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 4,826/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2024-25 കാലയളവിൽ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഫ്രണ്ട് ഓഫീസ് മുഖേന കാര്യക്ഷമമായ നിലയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ ഒടുക്കിവരുന്നുണ്ട്.

ജീവനക്കാർ പുതുതായി ഓഫീസിൽ ജോലിയിൽ പ്രവേശിക്കുമ്പോഴും വിട്ടുപോകുമ്പോഴും അതാത് സമയങ്ങളിൽ തന്നെ ഓഫീസ് ഉത്തരവുകൾ മുഖേന ചുമതലകളും മറ്റ് നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്. ഓഡിറ്റ് വർഷം 8 തവണ മാത്രമേ ജീവനക്കാരുടെ യോഗങ്ങൾ ചേർന്നിട്ടുള്ളൂ.ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുന്നതിന് ജീവനക്കാരുടെ

യോഗം എല്ലാ മാസവും പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രതിമാസ ഓഫീസ് തല യോഗങ്ങളിലൂടെ പ്രായോഗിക വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തി പദ്ധതി നടത്തിപ്പും, അതോടൊപ്പം പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അനിവാര്യ ചുമതലകളുടെ നിർവ്വഹണവും കൃത്യതയോടെ നിർവ്വഹിക്കുവാൻ സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

പഞ്ചായത്ത് ഭരണ സമിതി 2024-25 സാമ്പത്തിക വർഷം 29 യോഗങ്ങൾ ചേർന്നിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി 15 തവണയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി 12 തവണയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 12 തവണയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 12 തവണയും യോഗം ചേർന്നിട്ടുണ്ട്.ഭരണസമിതി യോഗങ്ങളുടെ മിനിട്സും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2025 മുതലുള്ള മിനിട്സും സകർമ സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ യോഗം 2024-25 വർഷത്തിൽ 07.03.2025 ന് മാത്രമേ ചേർന്നിട്ടുള്ളൂ. സ്റ്റിയറിങ് കമ്മറ്റി ഈ സാമ്പത്തിക വർഷത്തിൽ 06 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്.

ഓഡിറ്റ് വർഷം വിവിധ ഗ്രാന്റുകൾ വിനിയോഗിക്കുന്നതിൽ ഗ്രാമ പഞ്ചായത്തിന് മികച്ച നേട്ടം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും സംരക്ഷണ ഗ്രാന്റ് റോഡ് വിഭാഗത്തിൽ 64,15,748 രൂപയും നോൺ റോഡ് വിഭാഗത്തിൽ 23,54,155 രൂപയും വിനിയോഗിക്കാൻ സാധിക്കാതെ ലാപ്സായിട്ടുണ്ട്.

സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനുമുള്ള നടപടികൾ നാളിതുവരെ പൂർണമായിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ രേഖകളുടെ പിൻബലത്തോടെ രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷിക ധനകാര്യപത്രികയിൽ ബാധ്യതയിൽ അവശേഷിക്കുന്ന തുകകളുടെ കൃത്യമായ വിശദാംശം ലഭ്യമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. ബാധ്യത തുകകളുടെ കൃത്യത ഉറപ്പുവരുത്തി വിശദവിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. രസീതു ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

**1-10 പെർമിറ്റ് അനുവദിക്കുന്നതിലെ കാലതാമസം. കെട്ടിട നിർമ്മാണ അപേക്ഷകളിൽ കണ്ടെത്തുന്ന ന്യൂനതകൾ അപേക്ഷകനെ അറിയിച്ചതിനു ശേഷം തുടർ നടപടികൾ ഇല്ല.**

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങൾ 2019, ചട്ടം 12,13 എന്നിവ പ്രകാരം കെട്ടിടനിർമ്മാണത്തിനുള്ള പെർമിറ്റ് അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം രേഖാ മൂലമായ ഉത്തരവ് വഴി സെക്രട്ടറി അനുമതി നൽകുകയോ അല്ലെങ്കിൽ 11 -ാം ചട്ടത്തിൽ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങളാൽ നിരസിക്കുകയോ ചെയ്യേണ്ടതും , ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. 31.10.2022 തീയതിയിലെ ആർ.ബി 3/259/2019- തസ്വഭവ നം സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകളിൽ കണ്ടെത്തുന്ന ന്യൂനതകൾ പൂർണ്ണമായും ഒറ്റതവണയായി നോട്ടീസ് മുഖാന്തിരം അറിയിക്കുന്നതിനും ശേഷിക്കുന്ന നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പൊതുനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2023-24, 2024-25 വർഷം ലഭ്യമായിട്ടുള്ള അപേക്ഷകളിൽ ന്യൂനതകൾ പരിഹരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുകയോ നോട്ടീസ് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും തുടർ നടപടികളിൽ സ്വീകരിച്ച് വരുന്നതായോ കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ അളവും തരവും | അവസാനമായി കത്തിടപാട് നടത്തിയതീയതി |
|---|---|---|---|---|
| 1 | 3244/17.8.2024 | AYISHA P, PULUVINCHI HOUSE, KUTTIKOL | 25.84m2വാണിജ്യ കെട്ടിടം | 25.9.2024 |
| 2 | 2550/9.7.2024 | K.JAYAMOHANAN,CHAYITHADUKKAM HOUSE, KUTTIKOL | 186.30m2 (Group G1-Industrial) | 19.7.2024 |
| 3 | 4153/25.10.2024 | ISMAIL N M,KUTTIKOL | 234.47m2,വാണിജ്യ-ഗാർഹിക കെട്ടിടം | 22.11.2024 |
| 4 | 178/13.1.2025 | LUCY JOY,KANEELADUKKAM, KARIVEDAKAM | ഗാർഹിക കെട്ടിടം-അധിക നിർമ്മാണം | 18.1.2025 |
| 5 | 421/30.1.2025 | RADHA & OTHERS, KOLAM, KARIVEDAKAM | 101.41 M2, ഗാർഹിക കെട്ടിടം. | 8.2.2025 |
| 6 | 4946/12.12.2024 | SREEJITH K M,KURICHITHANAM HOUSE, PADUPPU,BANDADKA. (റഗുലറൈസേഷൻ അപേക്ഷ) | 138.08m2,വാണിജ്യ കെട്ടിടം, | 8.1.2025 |
| 7 | 1077/14.3.2025 | SANJEEVA A,ATHIYADI HOUSE, PADUPPU (പെർമ്മിറ്റ് അപേക്ഷ) | 35.76m2 വാണിജ്യ കെട്ടിടം | 25.3.2025 |
| 8 | 762/25.2.2025 | JOMICHAN MATHEW,MATTATHIL HOUSE, BANDADKA (റഗുലറൈസേഷൻ) | 189.57m2 (Group G1-Industrial) | 6.3.2025 |
| 9 | 4368/21.9.2023 | P.UNNIKRISHNAN, PANAMKUNDU, MANIMOOLA | 25.28m2 വാണിജ്യ കെട്ടിടം | 28.10.2023 |
| 10 | 4900/21.10.2023 | SECRETARY,KUTTIKOL,AGRICULTURIST WELFARE SAHAKARANA SANGHAM | 584.62m2 വാണിജ്യ കെട്ടിടം | 8.11.2023 |
| 11 | 4984/30.10. 2023 | PRESIDENT, THAMBURATTI BHAGAVATHI KSHETHRAM. | 81m2 ഓഫീസ് കെട്ടിടം | 22.11.2023 |
| 12 | 779/23.2.2023 | P AYISHA,PULUVINCHI,KUTTIKOL | 24.81m2 വാണിജ്യ കെട്ടിടം | 7.8.2023 |
| 13 | 1601/5.4.2023 | JOSEPH C A, CHENATTU HOUSE, ANAKKALLU, SANKARAMPADY (റഗുലറൈസേഷൻ അപേക്ഷ) | 361.88 M2, ഗാർഹിക കെട്ടിടം. | 17.5.2023 |
| 14 | 3256/15.6.2023 | PRESIDENT, JAMIYA SADIYAAREBIYA, KANHANADUKKAM, KUTTIKOL | 158.84 M2, വിദ്യാഭ്യാസ കെട്ടിടം | 11.8.2023 |
| 15 | 5449/4.12.2023 | HAJIRA H A,VEDIKKANDAM HOUSE,BANDADKA,KASARAGOD | ഗാർഹിക കെട്ടിടം-അധിക നിർമ്മാണം | 22.12.2023 |
| 16 | 191/16.2.2024 | KHADEEJA K M,ANAKKALLU HOUSE,SANKARAMPADY | 267.93m2 വാണിജ്യ കെട്ടിടം | 27.2.2024 |
| 17 | 4424/26.9.2023 | SANDHESH V K,KRISHNA THULASI HOUSE, BANDADKA | 164.22m2 വാണിജ്യ കെട്ടിടം | 13.6.2024 |
| 18 | 3789/26.7.2023 | PRESIDENT BADAR JUMA MASJID PDUPPU, PADUPPU, SANKARAMPADY | 115.18m2 വാണിജ്യ കെട്ടിടം | 23.8.2023 |

| | | | | |
|---|---|---|---|---|
| 19 | 3590/10.7.2023 | RAVINDRAN,MANADUKKAM | 336.72m2, ഗാർഹിക കെട്ടിടം | 16.9.2023 |
| 20 | 403/7.2.2024 | ABBAS E A, ENIYADI HOUSE,BANDADKA | 425.13m2 വാണിജ്യ കെട്ടിടം | 14.3.2024 |

കെട്ടിട നിർമ്മാണ അപേക്ഷകളിൽ കണ്ടെത്തുന്ന ന്യൂനതകൾ പൂർണ്ണമായും ഒറ്റതവണയായി നോട്ടീസ് മുഖാന്തിരം അപേക്ഷകനെ അറിയിക്കേണ്ടതും ന്യൂനതകൾ നിശ്ചിത സമയത്തിനകം പരിഹരിച്ച് പുനസമർപ്പിക്കാത്ത പക്ഷം നടപടി ക്രമങ്ങൾ പാലിച്ച് സമയബന്ധിതമായി പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പിക്കാവുന്നതും പെർമിറ്റ് ഫീസ് അടവാക്കേണ്ട അപേക്ഷകരെ വിവരം യഥാസമയം അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ചുള്ള അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/12.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പെർമിറ്റ് ഫയലുകളിൽ നിലവിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-11 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമല്ല.**

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023-ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്നും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതും സംബന്ധിച്ച രേഖകളും വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടപ്പോൾ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് പഞ്ചായത്തിൽ നടത്താറുണ്ട് എന്നും ഏഴ് വാർഡുകളിലെ കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന മറുപടിയാണ് പഞ്ചായത്ത് അധികൃതർ നല്കിയിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും വിവരശേഖരണ നടപടികൾ പൂർത്തീകരിച്ച് അധിക നിർമ്മാണം കണ്ടെത്തിയ കെട്ടിടങ്ങളുടെ മേൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.**

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2). എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട്) 01-04-2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പിലെ ബിഎ ഖണ്ഡം റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ, സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും അനുവദിച്ചിരുന്ന വസ്തു നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വരെ 207 ബിഎ വകുപ്പ് പ്രകാരം വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ (2023-24 വർഷം മുതൽ) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-13 ഷോപ്പിങ്ങ് കോംപ്ലക്സ് വാടക രജിസ്റ്ററിലെ അപാകതകൾ.**

വാടക രജിസ്റ്ററുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1).വാടക രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ പലയിടങ്ങളിലായി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 17 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. രേഖകൾ അപൂർണ്ണമായതിനാൽ കടമുറി നം., വാർഡ്, ലേലം കൊണ്ട വ്യക്തിയുടെ പേര്, മേൽവിലാസം, കടമുറിയിൽ നടത്തപ്പെടുന്ന സ്ഥാപനം, അടവാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക എന്നീ വിവരങ്ങൾ വാടക രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

2).വാടക കരാറുകൾ ചമച്ചിട്ടുണ്ടെങ്കിലും കരാർ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമല്ല. വാർഷിക വർദ്ധനവ് സംബന്ധിച്ച വിവരങ്ങളും വ്യക്തമല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 256 - ബൈലോകളും അവയുടെ ലംഘനത്തിനുള്ള ശിക്ഷകളും- പ്രകാരം ആക്ടിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബൈലോകൾ ഉണ്ടാക്കാവുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്.

3). പരിശോധനയ്ക്ക് ഹാജരാക്കിയ വാടക ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്. വാടക രജിസ്റ്ററിൽ തൻവർഷ വാടക, വാടക കുടിശ്ശിക വിവരങ്ങൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.വാടക രജിസ്റ്റർ പ്രകാരം ഡിമാൻഡ് ചെയ്ത തുക യിൽ 72,091 പിരിച്ചെടുക്കാനുള്ളതായി പറയുന്നു.

4). 2024-25 വാർഷിക ധനകാര്യപത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വാടക കുടിശ്ശികയായി ലഭിക്കാനുള്ളത് തൻവർഷം 60091 രൂപയും കുടിശ്ശികയായി 64119 രൂപയും ആണ്.

കൂടാതെ ഷോപ്പിങ്ങ് കോംപ്ലക്സിൽ രണ്ട് മുറികൾ വാടകയ്ക്ക് നല്കാതെ ഒഴിച്ചിട്ടിരിക്കുന്നു.

മേൽ വിവരങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.13/2024-25 തീയതി 08-08-2025

**1-14 ഫെസ്റ്റിവെൽ അഡ്വാൻസ് യഥാസമയം ക്രമീകരിച്ചിട്ടില്ല.**

2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരവും (ബി 18 ഷെഡ്യൂൾ) അഡ്വാൻസ് രജിസ്റ്റർ പ്രകാരവും 48,000 രൂപ ഓണം അഡ്വാൻസ് ഇനത്തിൽ തിരികെ ഈടാക്കാനുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും ഓണം അഡ്വാൻസ് കൈപ്പറ്റിയ താഴെ പറയുന്ന ജീവനക്കാരിൽ നിന്നുമാണ് തുക ഈടാക്കാനുള്ളത്.

| പേര്/തസ്തിക | തിരികെഅടവാക്കാനുള്ള തുക (രൂപ) | റിമാർക്സ് |
|---|---|---|
| ശ്രീ ജയകൃഷ്ണൻ ജി, അസി.സെക്രട്ടറി | 16,000 | **2024-25 വർഷത്തെ ഓണം അഡ്വാൻസ് ഇനത്തിൽ.** |
| ശ്രീ ജയൻ പി, സെക്രട്ടറി | 16,000 | **2022-23 വർഷം ഓണം അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റിയ തുക.** |
| സുനിൽ കുമാർ വി എൻ, ക്ലാർക്ക് | 4,000 | |
| ജോസ് തോമസ്, ഡ്രൈവർ | 4,000 | |
| വിമല എച്ച്, OA | 8,000 | |
| **ആകെ** | **48,000 രൂപ** | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ശ്രീ ജയകൃഷ്ണൻ ജി, അസി.സെക്രട്ടറി 16,000രൂപയും, ശ്രീജോസ് തോമസ്, ഡ്രൈവർ 4,000 രൂപയും 2025-26 സാമ്പത്തിക വർഷം അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി. ബാക്കി 28,000രൂപ ഈടാക്കുന്നതിന് ജീവനക്കാർക്ക് കത്ത് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മുൻകൂർ തുക നാളിതുവരെ അടവാക്കാത്തതിനാൽ മേൽ വിവരിച്ച ജീവനക്കാരിൽ നിന്നും ആയത് പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. ഫെസ്റ്റിവെൽ അഡ്വാൻസ് അനുവദിക്കുമ്പോൾ ജീവനക്കാരുടെ പേര്, അനുവദിച്ച തുക, തിരിച്ചടവ് വിവരങ്ങൾ എന്നിവ അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.05/തീ.05.08.2025)

**1-15 പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങിയിട്ടില്ല.**

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരനായ ശ്രീ. ലതേഷ് കുമാർ എൻ, 22.08.2015 ന് പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചുവെങ്കിലും നാളിതുവരെ ടിയാന്റെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ല. ജീവനക്കാരന്റെ സേവന പുസ്തകം പരിശോധിച്ചതിൽ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങിയതായും കാണുന്നില്ല. KS&SSR -ലെ റൂൾ 21 പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.7/ തിയതി 05.08.2025 ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ലഭിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്. മേൽ അപാകത സംബന്ധിച്ച് ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വിശദാംശങ്ങൾ നല്കേണ്ടതുമാണ്.

**1-16 ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ - ക്രമീകരണ വിവരങ്ങൾ ലഭ്യമല്ല.**

ഘടക സ്ഥാപനങ്ങൾക്ക് കണ്ടിജൻസി ചെലവുകൾക്ക് വേണ്ടി ഓഡിറ്റ് വർഷം തനത് ഫണ്ടിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അഡ്വാൻസ് നല്കിയിട്ടുണ്ട്. ഈ അഡ്വാൻസ് തുകകളിൽ നാളിതുവരെ ക്രമീകരിക്കാത്ത 4,11,500 രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | തൻ വർഷം നൽകിയ തുക |
|---|---|---|
| 1 | പ്രധാന അധ്യാപകൻ, GLPS മണിമൂല | 20,000 |
| 2 | പ്രധാന അധ്യാപകൻ, GUPS മാനടുക്ക | 40,000 |
| 3 | വെറ്റിനറി സർജ്ജൻ | 50,000 |
| 4 | ICDS സൂപ്പർവൈസർ | 35,000 |
| | | 5,000 |
| 5 | മെഡിക്കൽ ഓഫീസർ PHC | 1,00,000 |
| 6 | മെഡിക്കൽ ഓഫീസർ ഹോമിയോ, ബന്തടുക്ക | 10,000 |
| | | 25,000 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ മാനടുക്ക | 10,000 |
| | | 6,500 |
| 8 | പ്രധാന അധ്യാപകൻ, GLPS തവനത്ത് | 40,000 |
| 9 | വി.ഇ.ഒ ബന്തടുക്ക സർക്കിൾ | 5,000 |
| 10 | വി.ഇ.ഒ കുറ്റിക്കോൽ സർക്കിൾ | 5,000 |
| 11 | എ.ഇ, LID & EW | 30,000 |
| 12 | കൃഷി ഓഫീസർ | 30,000 |
| | ആകെ | 4,11,500 |

ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കായി മെയിന്റനൻസ് (റോഡിതരം) ഫണ്ട് ഉപയോഗിക്കാൻ അനുവാദമുള്ളതാണ്. തൻവർഷം റോഡിതര സംരക്ഷണ ഗ്രാന്റിൽ 1,02,42,000 രൂപ ലഭ്യമായതിൽ 78,87,845 രൂപ മാത്രമാണ് (77.01%) ചെലവഴിച്ചിട്ടുള്ളത്. നിശ്ചിത ചെലവ് പരിധി കൈവരിക്കാത്തതിനാൽ വരും വർഷത്തിൽ ഷോർട്ട് ഫാളിനത്തിൽ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. ഘടകസ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ റോഡിതര സംരക്ഷണഗ്രാന്റിൽ നിന്നും ചെലവഴിക്കുകയായിരുന്നെങ്കിൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവ് കുറയ്ക്കുന്നതിനും, റോഡിതര സംരക്ഷണഗ്രാന്റിന്റെ ചെലവ് പരിധി ഉയർത്തുന്നതിനും സാധ്യമാകുമായിരുന്നു. കൂടാതെ മേൽ വിവരിച്ച പ്രകാരമുള്ള തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 23/ തീ.12.08.2025).

## 1-17 തനതുഫണ്ട് ചെലവുകൾ- അനുബന്ധ രേഖകൾ / ക്രമീകരണവിവരം ലഭ്യമാക്കിയില്ല.

2024-25 വർഷത്തെ ചുവടെ കൊടുത്തിരിക്കുന്ന തനതുഫണ്ട് ചെലവുകളുടെ തുക കൈപ്പറ്റിയതിന്റെ രശീതി അനുബന്ധരേഖകൾ/ ക്രമീകരണവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | വൗച്ചർ നം/ ചെക്ക് നം | ചെലവിനം | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 04/24 മുതൽ 6/24 വരെയും 1/25 മുതൽ 3/25 വരെയുള്ള വിവിധ വൌച്ചറുകൾ | നോഡൽ പ്രേരക് ശ്രീമതി ഉഷയ്ക്ക് അനുവദിക്കപ്പെട്ട പ്രതിമാസ ഹോണറേറിയം ഇനത്തിൽ സാക്ഷരതാ മിഷന്റെ വിഹിതം തനതു ഫണ്ടിൽ നിന്നും നൽകിയത്. | 28,800/- | 4/24 മുതൽ 6/24 വരെയും 1/25 മുതൽ 3/25 വരെയും ഹോണറേറിയം നൽകി. പ്രതിമാസ തുകയുടെ 60:40 അനുപാതത്തിൽ സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാകേണ്ട തുകയാണ് 28,800 രൂപ. സാക്ഷരതാമിഷനിൽ നിന്നും തുക ലഭിക്കാത്തതിനാൽ ക്രമീകരിച്ചിട്ടില്ല. |
| 2 | 42400863/ തീ.4.2.2025 | സംഭാവന- തദ്ദേശ ദിനാഘോഷം | 30,000 | തുക കൈപ്പറ്റിയതിന്റെ രശീതി. ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. |
| 3 | 42400808/ തീ.21.1.2025 | സംഭാവന- Kerala Federation Of The Blind | 5,000 | തുക കൈപ്പറ്റിയതിന്റെ രശീതി |

| | | | | |
|---|---|---|---|---|
| 4 | 42400671/ തീ.03-12-2024 | Yearly Contribution For The Salary Of AITE As Per GO No-475/2018 LSGD Dtd 16/02/18 (2021-22, 22-23, 23-24, 24-25 -20000*4) | 80,000 | തുക കൈപ്പറ്റിയതിന്റെ രശീതി |
| | | **ആകെ** | **1,43,800** | |

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/12-08-2025) മറുപടി ലഭ്യമായില്ല. 2024-25 വർഷത്തെ തനതുഫണ്ട് ചെലവുകളുടെ അനുബന്ധരേഖകൾ/ ക്രമീകരണവിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 1,43,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-18 വരൾച്ച ദുരിതാശ്വാസ കുടിവെള്ള വിതരണത്തിൽ അപാകതകൾ -7,19,245രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ വരൾച്ച ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി 2024-25 സാമ്പത്തിക വർഷം അത്യാവശ്യമുള്ള പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് സെക്രട്ടറി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റിയുടെ സ്രോതസ്സുകൾ/ ലഭ്യമായ കുടിവെള്ള സ്രോതസ്സുകളിൽ നിന്ന് കുടിവെള്ളം ശേഖരിച്ച് വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്ക്കുകളിലേയ്ക്കും വാട്ടർ കിയോസ്ക്ക് ഇല്ലാത്ത കുടിവെള്ളം അത്യാവശ്യമുള്ള സ്ഥലങ്ങളിൽ നേരിട്ടും കുടിവെള്ളം വിതരണം ചെയ്യാവുന്ന തരത്തിൽ ടാങ്ക് സംവിധാനമുള്ളതും, ജി പി എസ് ഘടിപ്പിച്ചതും, പമ്പ് സെറ്റ് അടക്കമുള്ള ലോറി ഉടമകളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചാണ് കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. ആയതിന് താഴെ പറയും പ്രകാരം 7,19,245/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| വൗച്ചർ നം & തീയതി | | തുക |
|---|---|---|
| 22400100 | 31-05-2024 | 2,20,005 |
| 22400181 | 15-06-2024 | 3,78,017 |
| 22400339 | 29-07-2024 | 7,192 |
| 22400225 | 27-06-2024 | 1,14,031 |
| | **ആകെ** | 7,19,245 |

സർക്കാർ ഉത്തരവ് (സാധാ)നമ്പർ 405/2024/ത.സ്വ.ഭ.വ തിയതി 19.2.24 പ്രകാരം ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി പഞ്ചായത്ത് ഭരണസമിതിയുടെ 01.03.2024 തീയതിയിലെ 1/(1) തീരുമാനം പ്രകാരം ക്വട്ടേഷൻ വിളിക്കുകയും പഞ്ചായത്ത് ഭരണസമിതിയുടെ 12.04.2024 തീയതിയിലെ 1/(1) തീരുമാനം പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (കിലോ മീറ്ററിന് 90രൂപ) ശ്രീ. സുബിൻ ജോസഫ് എന്ന കരാറുകാരനെ കുടിവെള്ള വിതരണത്തിന് ചുമതലപ്പെടുത്തുകയും, ശ്രീ. സുബിൻ ജോസഫ് KL-14 X 2885, KL-14 N 0036 എന്നീ വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 20.04.2024 മുതൽ 22.05.2024 വരെ കുടിവെള്ള വിതരണം നടത്തിയതിന് ഇൻകം ടാക്സ് കിഴിവുകൾക്ക് (7,192രൂപ) ശേഷം 7,12,053രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

**1.വിതരണം നടത്തിയ കുടിവെള്ളത്തിന്റെ Water Quality Test Report പരിശോധിച്ചിട്ടില്ല.-**

ടെണ്ടർ പരസ്യത്തിലെ (SC2-2023-24തീയതി.07.03.2024) നിബന്ധന 1 പ്രകാരം വെള്ളം ശേഖരിക്കുന്ന ജലസ്രോതസ്സ് പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് നിന്ന് മാത്രമായിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം കരാറുകാരൻ വെള്ളം ശേഖരിക്കുന്ന ജലസ്രോതസ്സ് എവിടെ നിന്നാണെന്നുള്ള വിവരം വ്യക്തമാക്കിയതായി കാണുന്നില്ല. കരാറുകാരൻ Water Quality

Testനടത്തിയതിന്റെ സർട്ടിഫിക്കറ്റ് പരിശോധിച്ചപ്പോൾ വിതരണം ചെയ്ത കുടിവെള്ളം കുടിക്കുവാൻ അനുയോജ്യമല്ലെന്ന് കാണുകയുണ്ടായി. (Report No-KWA/QA/R/4/129/J/01/176 തീ.20.04.2024). മേൽ റിപ്പോർട്ട് പ്രകാരം ആകെ Coliforms ബാക്ടീരിയയുടെ അളവ് അനുവദനീയമായ അളവ് Nil ആണ് വേണ്ടത്. എന്നാൽ ഇവിടെ വിതരണം ചെയ്ത വെള്ളത്തിൽ ആയത് 168 ആണ്. കുടിവെള്ളമായി ഉപയോഗിക്കാൻ സാധിക്കാത്ത വെള്ളമാണ് ഗ്രാമപഞ്ചായത്തിൽ കരാറുകാരൻ വിതരണം ചെയ്തിട്ടുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

**2. ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള്ള വിതരണംനടത്തി.**

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം. എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനത്തിന് എഫ്.ബി.ഒ.ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാരൻ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തി റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറുകാരൻ കുടിവെള്ള വിതരണം നടത്തുന്നതിനായി KL-14 X 2885, KL-14 N 0036 എന്നീ വാഹനങ്ങളാണ് ഉപേയാഗിച്ചിട്ടുള്ളത്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടും ഫയലിൽ ലഭ്യമാക്കിട്ടില്ല.

**3.ടാങ്കുകളുടെ അളവ് പരിശോധിച്ച് സാക്ഷ്യപെടുത്തിയിട്ടില്ല.**

കോൺട്രാക്ടർ വിവിധ വാഹനങ്ങളിൽ ഫിറ്റ് ചെയ്ത കുടിവെള്ള ടാങ്കുകളുടെ അളവുകൾ ഗ്രാമ പഞ്ചായത്ത് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ കോൺട്രാക്ടർ അവകാശപ്പെട്ടവിധം അളവിൽ വെള്ളം വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. മാത്രമല്ല ട്രിപ് ഷീറ്റുകൾ പരിശോധിച്ചപ്പോൾ കോൺട്രാക്ടർ വെള്ളം വിതരണം ചെയ്യുന്നതിന് ഉപയോഗിച്ച ഓരോ വാഹനവും ഒരു ദിവസം നടത്തിയ ഒന്നിലേറെ ട്രിപ്പുകൾക്ക് ഒരു ട്രിപ് ഷീറ്റ് മാത്രമേ വച്ചിട്ടുള്ളൂ. മാത്രമല്ല ട്രിപ് ഷീറ്റുകളിൽ വാഹനം പുറപ്പെട്ട സമയം, എത്തിയ സമയം എന്നിവ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ട്രിപ് ഷീറ്റുകളുടെ പരിശോധനയിൽ നിന്നും ഓരോ വാഹനവും നടത്തിയ ട്രിപ്പുകളുടെ ആധികാരികത വ്യക്തമല്ല. KL-14 X 2885, KL-14 N 0036 എന്നീ വാഹനങ്ങൾ ഉപയോഗിച്ചാണ് കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളത് എന്ന് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ പ്രകാരം നിശ്ചയിച്ചത് കിലോമീറ്ററിന് 90/-രൂപ നിരക്കിൽ, 5000ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിൽ അത് ഉൾക്കൊള്ളുന്ന വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തേണ്ടത് എന്നാണ്. എന്നാൽ ഹാജരാക്കിയ കുടിവെള്ള വിതരണ രേഖകൾ പ്രകാരം എത്ര ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിലാണ് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തതിട്ടുള്ളത് എന്ന കാര്യം വ്യക്തമല്ല.

**4.** സർക്കാർ ഉത്തരവ് നം. 405/2024/ത.സ്വ.ഭ.വ തിയതി 19.2.24 ലെ ക്രമ നം.(8) പ്രകാരം തുക നൽകുന്നതിന് മുമ്പ് GPS ലോഗും മാന്വൽ ലോഗും സെക്രട്ടറി ക്രോസ്സ് ചെക്ക് ചെയ്യണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ ചെയ്തതിന് രേഖകൾ ഇല്ല. ജി.പി.എസ് ലോഗ്, മാന്വൽ ലോഗ് എന്നിവ ക്രോസ്സ് ചെക്ക് ചെയ്ത് കൃത്യത വരുത്തിയാണ് തുക അനുവദിക്കേണ്ടത്. മാന്വൽ ലോഗ് പരിശോധനക്ക്

ഹാജരാക്കിയിട്ടില്ല.

**5. കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് റീക്ലപ്പ് ചെയ്യാൻ നടപടി സ്വീകരിച്ചില്ല.**

കേരള പഞ്ചായത്ത്‌രാജ് നിയമം 166 വകുപ്പ് പട്ടിക 3 പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. 23.2.2017 ലെ (സാധാ) നം. 787/2017/ഡി.എം.ഡി നം. ഉത്തരവ് ഖണ്ഡിക 5 പ്രകാരം അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ആവശ്യത്തിന് ലഭ്യമായിട്ടുള്ള പക്ഷം പ്രസ്തുത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ സംവിധാനം ഉപയോഗിച്ച് ജലവിതരണം നടത്താവുന്നതാണ്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്ലപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-8-19ലെ LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്നതിനാലാണ് ഇക്കാര്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീക്ലപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

6.ആദായനികുതിയിനത്തിൽ 7,192രൂപ കിഴിവ് നടത്തിയിട്ടുണ്ട്. പക്ഷെ ഈ തുക ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7. പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 11/2024-25 തീയതി. 07.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.കുടിവെള്ള വിതരണത്തിൽ മേൽ സൂചിപ്പിച്ച അപാകങ്ങളുള്ളതിനാൽ 7,19,245രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-19 കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിലെ അപാകതകൾ**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, മോണിറ്റർ, പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ എന്നിവ വാങ്ങുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ONE ZERO Infosolutions എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഇവ വാങ്ങിയിട്ടുള്ളത്.

| പ്രൊജക്ട് നമ്പർ | ഇൻവോയ്സ് നം | തുക | ഉപകരണം | ജെം കോൺട്രാക്ട് നം, വാറണ്ടി |
|---|---|---|---|---|
| 333/25 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തൽ. അടങ്കൽ- Own Fund-3,06,000 | IT/24-25L573/ Dtd 21.01.2025 | 3,06,000 | 6 Nos, Desktop HP Monitor Acer,Windows Software | GEMC-152520493 0570303 Year Onsite Warranty Direct By The Manufacturer |

1). ഗവ. സർക്കുലർ നം. 86/2010/ഫിൻ തി. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇത്തരം രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ മേൽ പ്രോജക്ടിൽ വാങ്ങിയ പുതിയ കംപ്യൂട്ടറുകളും പ്രിന്ററുകളും

സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല. നിലവിലുള്ള മറ്റ് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും ഭാഗികമായി മാത്രമേ സ്റ്റോക്കിലെടുത്തിട്ടുള്ളൂ. ഉപകരണങ്ങൾക്ക് സ്റ്റോക്ക് നമ്പർ ഇട്ടതായോ, പദ്ധതി നമ്പർ രേഖപ്പെടുത്തിയതായോ കാണുന്നില്ല. വാറണ്ടി ഉറപ്പ് വരുത്തുന്നതിലേക്കും ഉപകരണം പിന്നീട് തിരിച്ചറിയുന്നതിലേക്കുമായി ബ്രാൻഡ്, സീരിയൽ നമ്പർ, വില മറ്റ് വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന പതിവില്ല.

2). കേരള ഫിനാൻഷ്യൽ കോഡിലെ 140 മുതൽ 154 വരെയുള്ള ആർട്ടിക്കിളുകൾ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. സ്റ്റോക്ക് രേഖപ്പെടുത്തൽ ശരിയായ രീതിയിൽ നടത്താതെ തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ഇക്കാര്യം സെക്രട്ടറി ഉറപ്പ് വരുത്തിയതായോ ബില്ലിന്റെ ഓഫീസ് പകർപ്പിൽ സ്റ്റോക്ക് സാക്ഷ്യപത്രം രേഖപ്പെടുത്തിയതായോ ഇല്ല.

3). ഇൻവോയ്സ്/ജെം കോൺട്രാക്ട് പ്രകാരമുള്ള സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥനോ ടെക്നിക്കൽ അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4). ലഭ്യമാക്കിയ രജിസ്റ്ററിൽ സ്റ്റോക്കുകളുടെ വാർഷിക കണക്കെടുപ്പ് നടത്തിയതിന്റെ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

5). കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ/ഹാർഡ്‌വേർ രജിസ്റ്ററിൽ നിലവിൽ ആകെ 32 ഉപകരണങ്ങൾ ഉണ്ട്. രജിസ്റ്ററിലുള്ള എല്ലാ ഉപകരണങ്ങളും പ്രവർത്തനക്ഷമമായി ഉണ്ടോ എന്നതും വ്യക്തമല്ല.

6). ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ഉപയോഗിക്കാതെ കിടക്കുന്ന ഉപകരണങ്ങൾ സ്റ്റോക്കിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്നാണ് കാണുന്നത്. ഇവ ഒഴികെ മറ്റ് എല്ലാ ഉപകരണങ്ങളും കാര്യാലയത്തിൽ ഉണ്ടോ എന്നത് സ്റ്റോക്ക് പരിശോധന നടത്തി സാക്ഷ്യപത്രം സഹിതം വ്യക്തമാക്കിയിട്ടില്ല.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി, ഓരോ ഉപകരണങ്ങൾക്കും പ്രത്യേകം പേജ് അനുവദിച്ച് സ്റ്റോക്ക് നമ്പർ, ബിൽ/വൗച്ചർ, മോഡൽ/സീരിയൽ നമ്പർ, വില, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പ്രോജക്ട് നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും സ്റ്റോക്ക് എൻട്രി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ആയതിന് ശേഷമാണ് വിതരണക്കാരന് പണം അനുവദിക്കാവുന്നത്. കേടാവുന്ന ഉപകരണങ്ങൾ ഉപയോഗ കാലയളവും റിപ്പയർ ചെയ്യുന്നത് ലാഭകരമാണോ എന്നതും പരിശോധിച്ച ശേഷം കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലോട് കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്. അല്ലാത്ത പക്ഷം, സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കുക എന്നതോടൊപ്പം ഉപകരണങ്ങൾ നഷ്ടപ്പെട്ടാൽ തിരിച്ചറിയാതെ പോകുന്നതിനും കേടായാൽ വാറണ്ടി ഉറപ്പ് വരുത്താനാവാതെ റിപ്പയർ ചെയ്ത് അധിക ചെലവിന് കാരണമാകുന്നതുമാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും, പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 19/2024-25 തീയതി. 11.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

**1-20 കുടിവെള്ള പദ്ധതികൾക്ക് തുക കൈമാറിയത് - കരാറുടമ്പടി പാലിച്ചില്ല, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.**

വിവിധ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭൂജലവകുപ്പിൽ ചുവടെ ചേർത്ത പ്രകാരം 5,21,531

രൂപ 2024-25 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ പ്രകാരം നിക്ഷേപിച്ചിട്ടുണ്ട്.

| പ്രൊജക്റ്റിന്റെ പേര് & നം | മുൻകൂർ നൽകിയ തുക & ഫണ്ടിനം & ബില്ല്/ചെക്ക് നം | കരാർഉടമ്പടിപ്രകാരം പണിപൂർത്തിയാക്കേണ്ട തീയതി | നിർവ്വഹണ എജൻസി |
|---|---|---|---|
| ബേത്തലം-അങ്കണവാടി കുടിവെള്ള പദ്ധതി, 270/2025 | 2,09,500 രൂപ, (CFC Tied ഫണ്ട്-ട്രഷറി) BRN.No.24200952002700737083/ തീ.3.10.2024. | 31.03.2023 (പുതുക്കിയ കരാർ വെച്ചിട്ടില്ല) | ഭൂജല വകുപ്പ് കാസറഗോഡ് |
| ബേത്തലം-പൂടംകല്ല് കുടിവെള്ള പദ്ധതി, 232/2025 | 10,896 രൂപ (CFC Tied ഫണ്ട്), വൗച്ചർ നം.22400950/ തീ.7.1.2025 | 31.03.2025 | ഭൂജല വകുപ്പ് കാസറഗോഡ് |
| പരപ്പകുടിവെള്ള പദ്ധതി, 285/25 | 80,642 രൂപ (CFC Tied ഫണ്ട്), വൗച്ചർ നം.22401209/ തീ.15.3.2025 | 31.03.2025 | ഭൂജല വകുപ്പ് കാസറഗോഡ് |
| ഏണിയാടി കുടിവെള്ള പദ്ധതി, 11/2025 | 1,03,094രൂപ (CFC Tied ഫണ്ട്-ട്രഷറി) BRN.No.24200952002761023306/ തീ.12.12.2024. | 31.03.2025 | ഭൂജല വകുപ്പ് കാസറഗോഡ് |
| അർത്തുട്ടിപ്പാറകുടിവെള്ള പദ്ധതി, 222/25 | 1,17,399 രൂപ (CFC Tied ഫണ്ട്). വൗച്ചർ നം.22401018/ തീ.29.1.2025 | 31.03.2025 | ഭൂജല വകുപ്പ് കാസറഗോഡ് |
| ആകെ | 5,21,531 രൂപ | | |

മേൽ പദ്ധതികൾ പ്രകാരം തുക നിക്ഷേപിക്കുന്നതിന് മുമ്പ് നിർവ്വഹണ ഏജൻസികളുമായി ഒപ്പുവെച്ച കരാർ ഉടമ്പടി (സ.ഉ(കൈ) നം.11/2018തസ്വഭവ.തിയതി.29.01.2018 ഖ.11.2.3 ഡി2) പ്രകാരം പണി പൂർത്തിയാക്കേണ്ട തീയതിയിൽ ആയത് പൂർത്തീകരിച്ചതായി കാണുന്നില്ല. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.19/തീ.11.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 5,21,531 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

**1-21 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല.**

പ്രൊജക്ട്നം.226/25, മൊട്ട വടക്കേക്കര റോഡ് മെയ്ന്റനൻസിന്റെ ഭാഗമായി വൈദ്യുതി പോസ്റ്റ് മാറ്റുന്നതിന് തുക വകയിരുത്തൽ, അടങ്കൽ-22,000/-രൂപ-(തനത് ഫണ്ട്)

ചെലവ് - 22,000/- രൂപ, (വൗച്ചർ നം. 22400885/തീ.20.12.2024),

നിർവ്വഹണം- സെക്രട്ടറി.

മൊട്ട വടക്കേക്കര റോഡ് മെയിന്റനൻസിന്റെ ഭാഗമായി റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കാനായി KSEB യിൽ തുക ഒടുക്കാനുള്ളതാണ് പ്രോജക്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഫയൽ നം | തുക | വിശദവിവരം | KSEB Demand നം./തിയ്യതി | തുക കൈമാറിയതിന്റെ വിവരം |
|---|---|---|---|---|
| SC2-5001/24/ Dt.17.12.2024 | 22,000/- | മൊട്ട വടക്കേക്കര റോഡ് മെയിന്റനൻസിന്റെ ഭാഗമായി | DB25/ DL/2024-25/71 | KSEB ഇലക്ട്രിക്ക് സെക്ഷൻ, |

| | | | | |
|---|---|---|---|---|
| | | വൈദ്യുതി പോസ്റ്റ് മാറ്റുന്നതിന് | തീ.6.12.2024 | കുറ്റിക്കോൽ. |

പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റ് എൻക്വയറി നം.19/11.08.2025 പ്രകാരം ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണം എന്നിവ സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് KSEB കുറ്റിക്കോൽ സെക്ഷന് കത്ത് നൽകിയിട്ടുമില്ല. പൂർത്തീകരണ രേഖകൾ ഹാജരാക്കാത്തതിനാൽ 22,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-22 വിവിധ പദ്ധതികൾക്ക് വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

**1.ബ്ലോക്ക് ഡയാലിസിസ് സെന്ററിന് പഞ്ചായത്ത് വിഹിതം കൈമാറൽ പദ്ധതി.**

പ്രൊജക്ട് നം.223/25, അടങ്കൽ-3,00,000രൂപ (തനത് ഫണ്ട്).

ചെലവ് - 3,00,000 രൂപ- ചെക്ക് നം XY-0489361/തീ.26.11.2024 (തനത് ഫണ്ട്).

ഗ്രാമപഞ്ചായത്തിൽ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതിയാണ് മുളിയാർ CHC ഡയാലിസിസ് സെന്ററിലേക്ക് പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി. കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, സംയുക്തപദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം നിക്ഷേപിക്കുന്നതിന് ആരംഭിച്ച പ്രത്യേക ട്രഷറി അക്കൗണ്ടിലേക്ക് തുക നിക്ഷേപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. (അക്കൗണ്ട് നം.എസ്.ടി.എസ്.ബി -720011400000130, കാസർഗോഡ് സബ്ട്രഷറി). തുടർന്ന് 3,00,000 രൂപ ട്രഷറി അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**2. വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ് - കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല-**

| | |
|---|---|
| പ്രൊജക്ട് നമ്പർ/ പേര് | 308/25-വൃത്തി-2025-ദി ക്ലീൻ കേരള കോൺക്ലേവ്. |
| അടങ്കൽ | ₹25,000-തനത് ഫണ്ട് |
| ചെലവ് & വൗച്ചർ നം. | ₹25000. വൗച്ചർ നം. 22401296/തീ.27.3.2025 |

സംസ്ഥാനത്ത് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നാളിതുവരെയുള്ള നേട്ടങ്ങളെയെല്ലാം ഒരു കുടക്കീഴിൽ സമൂഹത്തിന് മുന്നിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നിലും ഉയർത്തിക്കാട്ടുന്നതിന് ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് 2025 സംഘടിപ്പിച്ച 'വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ്" എന്ന മെഗാ ഇവന്റിന്റെ സംഘാടന ചെലവിലേക്കായി സ.ഉ. (സാധാ) നം.645/2025/LSGD തീയതി: 07-03-2025 പ്രകാരം ഗ്രാമപഞ്ചായത്ത് 25000 രൂപ ശുചിത്വ മിഷന്റെ അക്കൗണ്ടിലേക്ക് (A/C No. 0046104000272292) കൈമാറിയിട്ടുണ്ട്. ശുചിത്വ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

**3. ഐ.കെ.എം.വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല.**

2024-25 വർഷത്തിൽ ഐ.കെ.എം. പ്രവർത്തനവിഹിതമായി താഴെപ്പറയും പ്രകാരം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നമ്പർ,പേര് | 02/25,ഐ.കെ.എം.വിഹിതം നൽകൽ |
| ആകെ അടങ്കൽ | ₹96,643 (വികസനഫണ്ട്-പൊതുവിഭാഗം) |

| | |
|---|---|
| ആകെ ചെലവ് (ബിൽ നമ്പർ) | ₹96,643 (24200952002700565220 /21-8-2024) |

'ഐ.കെ.എം.വിഹിതം നൽകൽ' എന്ന പദ്ധതിയിൽ ഐ.കെ.എം-ൽ നിന്നും ലഭ്യമായ ഡിമാന്റ് നോട്ടീസ് അനുസരിച്ച് മേൽ ബിൽ പ്രകാരം 96,643 രൂപ ഐ കെ എം ന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച മൂന്ന് പ്രോജക്ടുകളുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തിനാൽ ആകെ 4,21,643രൂപയുടെ (₹3,00,000 + ₹25,000 + ₹96,643 ) ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 എം.സി.എഫ് മോഡിഫിക്കേഷൻ, മാലിന്യ നിരീക്ഷണത്തിന്- സി.സി.ടി.വി. സ്ഥാപിക്കൽ - പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ,പേര് | 111/25,മാലിന്യ നിരീക്ഷണത്തിന് - സി.സി.ടി.വി. സ്ഥാപിക്കൽ | 221/25,എം.സി.എഫ് മോഡിഫിക്കേഷൻ |
| പ്രോജക്ട് അടങ്കൽ | 3,00,000/-രൂപ ( തനത് ഫണ്ട്) | 5,70,000/-രൂപ (2,70,000രൂപ (CFC Tied) + 3,00,000 രൂപ (Central Fund)) |
| ചെലവ് | 2,32,000/-രൂപ ( തനത് ഫണ്ട്) | 2,70,000 രൂപ(CFC Tied) |
| വൗച്ചർ നമ്പർ,തീയതി | 22401319/തീ.28.3.2025 | 22400770/തീ.28.11.2024 |
| നിർവ്വഹണം | സെക്രട്ടറി | |

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ മാലിന്യ നിരീക്ഷണത്തിന് സി.സി.ടി.വി. സ്ഥാപിക്കുന്നതിന്റെ ഭാഗമായി 5,02,000 രൂപ (2,32,000/-രൂപ+ 2,70,000 രൂപ) ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിവരം താഴെ വിവരിക്കുന്നു.

| വിവരണം | ചെലവ് തുക | തുക നല്കിയതിന്റെ വിവരം |
|---|---|---|
| എം.സി.എഫിലേക്ക് Conveyer Belt എന്നിവ വാങ്ങിയതിന്റെ തുക | 2,70,000 രൂപ | Floret ടെക്നോളജി എന്ന സ്ഥാപനത്തിൽ നിന്നും Invoice No.FT-M146/2023-24/തീ.15.3.2024 പ്രകാരം 6,00,000 രൂപ ചെലവിൽ 2023-24 വർഷം വാങ്ങിയത്. ഓഡിറ്റ് വർഷം 2,70,000 രൂപ നല്കി. മുൻ വർഷം നല്കിയ തുകയുടെ വിവരങ്ങൾ ലഭ്യമല്ല. |
| സി.സി.ടി.വി. സ്ഥാപിക്കുന്നതിന് നല്കിയ തുക | 2,32,000 രൂപ | സി.സി.ടി.വി. സ്ഥാപിക്കുന്നതിന് കെൽട്രോൺ കോഴിക്കോടിന് കൈമാറിയ തുക |
| **ആകെ** | **5,02,000** | |

എം.സി.എഫിൽ Conveyer Belt വാങ്ങുന്നതിനും, മാലിന്യം വലിച്ചെറിയുന്നത് നിരീക്ഷിക്കുന്നതിന് സി.സി.ടി.വികൾ സ്ഥാപിക്കുന്നതിനും വേണ്ടിയാണ് മേൽ പ്രോജക്ടുകൾ ആവിഷ്കരിച്ചത്. ആയത് പ്രകാരം തുക ചെലവഴിച്ചതായും കാണുന്നു. എന്നാൽ ഫയൽ പരിശോധിച്ചപ്പോൾ പ്രോജക്ട് പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. Conveyer Belt-ഉം സി.സി.ടി.വിയും സ്ഥാപിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.19/തീ.11.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. Conveyer Belt-ഉം സി.സി.ടി.വിയും സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കാത്തതിനാൽ 5,02,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 ഭിന്നശേഷി സഹായ ഉപകരണ വിതരണം-പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ**

| |
|---|
| പ്രോ.നം. 22/2025, ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണം |

| | |
|---|---|
| പദ്ധതി അടങ്കൽ | 3,13,350രൂപ |
| ചെലവ്- 2,11,484 രൂപ. | 2,11,484- BRN No. 24200952006001558481/തീ.18.3.2025 |
| നിർവ്വഹണം | ICDS സൂപ്പർവൈസർ |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഈ പ്രോജക്ടിൽ ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പ്, സഹായ ഉപകരണങ്ങൾ നൽകൽ എന്നീ പ്രവർത്തനങ്ങൾക്ക് വേണ്ടി 2,11,484 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1). മേൽ പ്രോജക്ട് പ്രകാരം കെൽട്രോണിൽ നിന്നും 14 ഹിയറിംഗ് എയ്ഡ് വാങ്ങുന്നതിന് 1,12,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവ മെഡിക്കൽ ക്യാമ്പിൽ ഡോക്ടർമാർ നിർദ്ദേശിച്ച പ്രകാരം 14 ഗുണഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.115/2022/ത.സ്വ.ഭ.വ., തി: 28.5.2022 ലെ അധ്യായം 7 ഖണ്ഡിക 7.1.2 (ബി ) പ്രകാരം കേൾവിശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷനു ശേഷമുള്ള കേൾവി സഹായികൾ നൽകുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇത്തരത്തിൽ കോക്ലിയാർ ഇംപ്ലാന്റേഷന് ശേഷമുള്ള ഉപകരണം എന്ന നിലയിലല്ല ഇവ വിതരണം ചെയ്തതെന്ന് കാണുന്നു. കേൾവി ശക്തി കുറഞ്ഞ എല്ലാ പ്രായവിഭാഗത്തിലും വരുന്നവർക്ക് ഇവ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഈ വിഭാഗക്കാർക്ക് ഹിയറിംഗ് എയ്ഡ് വിതരണം ചെയ്യാൻ അടിസ്ഥാനപ്പെടുത്തിയ സർക്കാർ ഉത്തരവ്/നിർദ്ദേശം സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

2)15 പേർക്ക് 99,484 രൂപ ചെലവഴിച്ച് വിവിധ ഉപകരണങ്ങൾ വാങ്ങി നല്കിയിട്ടുണ്ട്. ആയതിന്റ വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും ഡോ.ആഷിഖ് ഷെഫിൻ, MBBS Ortho(DNB) ഓർത്തോപീഡിക് അസി.സർജൻ, ഡോ.അശ്വതി അസി.സർജൻ ENT കേരള ഹെൽത്ത് സർവ്വീസസ് എന്നിവർ രോഗികളെ പരിശോധിച്ച് ആവശ്യമായ സഹായ ഉപകരണങ്ങൾ ശുപാർശ ചെയ്തതായി അപേക്ഷകളിൽ രേഖപ്പെടുത്തി കണ്ടു. 28.05.22 ലെ സ.ഉ.(അ)നം.115/2022 ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 7.1.3 പ്രകാരം എല്ലാ ഗ്രാമ-നഗര സ്ഥാപനങ്ങളും അടുത്ത വർഷത്തെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ഭിന്നശേഷിക്കാരുടെ വൈകല്യം നിർണ്ണയിക്കുന്നതിനും വൈദഗ്ദ്ധ്യമുള്ള സർക്കാർ ഡോക്ടർമാരുടെ ടീമിനെ ഉൾപ്പെടുത്തി എല്ലാ നവംബർ മാസങ്ങളിലും വരുംവർഷത്തെ പ്രോജക്ട് തയ്യാറാക്കുന്നതിനായി മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനും, ഇങ്ങനെ ക്യാമ്പ് നടത്തി ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ചശേഷം മാത്രമേ പ്രോജക്ട് തയ്യാറാക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതു പ്രകാരം മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഡോക്ടറുടെ നിർദ്ദേശാനുസരണമുള്ള കൗൺസിലിംഗ്, മരുന്നുകൾ എന്നിവ നൽകുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ENT അസി.സർജനും, ഓർത്തോ വിഭാഗം ഡോക്ടറുമാണ് മാനസിക വെല്ലുവിളികൾ നേരിടുന്ന രോഗികളെ പോലും പരിശോധിച്ച് സഹായ ഉപകരണങ്ങൾ ശുപാർശ ചെയ്തതായി കാണുന്നത്. ഇത് നിയമാനുസൃതമല്ല.

3) സർക്കാർ ഉത്തരവ് (കൈ)നം 115/2022/തസ്വഭവ, തീയതി 28.05.2022 ലെ ഖണ്ഡിക നം 7.1.3.4 പ്രകാരം ആനുകൂല്യം ലഭിച്ച വ്യക്തികൾക്ക് വീണ്ടും ലഭിക്കുന്നത് ഒഴിവാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഡിജിറ്റൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അത്തരം ഒരു രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിച്ചു കാണുന്നില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 18/11.08.2025) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നല്കിയ മറുപടിയിൽ ഓഡിറ്റ് എൻക്വയറിയിൽ ഹാജരാക്കുവാൻ പറഞ്ഞിട്ടുള്ള രേഖകൾ സമർപ്പിക്കുന്നതാണ് എന്നും ഡിജിറ്റൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നും, എനി മുതൽ സൂക്ഷിക്കാമെന്നും മറുപടി നല്കുകയുണ്ടായി. എന്നാൽ മറുപടിയിൽ മെഡിക്കൽ ക്യാമ്പ് സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുകയോ, മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷി ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല കൂടാതെ ഓഡിറ്റ് എൻക്വയറിയിൽ

ഹാജരാക്കുവാൻ പറഞ്ഞിട്ടുള്ള രേഖകൾ സമർപ്പിക്കാമെന്ന് മറുപടി നല്കിയിട്ടുണ്ടെങ്കിലും ആയതും ഹാജരാക്കിയിട്ടില്ല. വ്യക്തമായ മറുപടിയും, രേഖകളും ഹാജരാക്കാത്തതിനാൽ ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പ്, സഹായ ഉപകരണങ്ങൾ നൽകൽ എന്നീ പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിച്ച 2,11,484 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 നെൽ കൃഷി വികസനം -കൂലിച്ചെലവ് പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ: കൃഷി ഓഫീസർ

2024-25 സാമ്പത്തിക വർഷത്തിൽ നെൽകൃഷി വികസനം കൂലിച്ചെലവ് പ്രോജക്റ്റ് നടപ്പിലാക്കിയതിന്റെ ചെലവ് വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 99/ 2024- 25 |
| പ്രൊജക്റ്റ് | നെൽ കൃഷി വികസനം- കൂലിച്ചെലവ് |
| അടങ്കൽ തുക | 2,55,000രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 2,55,000രൂപ |
| ബിൽ റഫറൻസ് നമ്പർ | 242009520031O1166452/തിയ്യതി: 13.1.2025 |

ഗ്രാമസഭ മുഖാന്തിരം തെരഞ്ഞെടുത്ത് ഭരണ സമിതി അംഗീകരിച്ച ഗുണഭോക്താക്കളായ , നെൽവിത്ത് അനുവദിച്ച കർഷകർക്ക് കൂലിച്ചെലവ് നൽകുന്നതാണ് പദ്ധതി . മേൽ നമ്പർ ബിൽ പ്രകാരം, പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ആകെ 2,55,000/- ചെലവഴിച്ചിട്ടുണ്ട്. മേൽ നമ്പർ ബിൽ പ്രകാരമുള്ള കൂലിച്ചെലവ് തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്ന പദ്ധതികളിൽ , സ്ഥല പരിശോധന, കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, തുടങ്ങിയ വസ്തുതകൾ കൃഷി ഓഫീസറോ / കൃഷി അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.ബിൽ പ്രകാരമുള്ള ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ , കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല .അതിനാൽ അപേക്ഷകരുടെ കൃഷി സ്ഥല വിസ്തൃതി, അതിനു അനുവദിച്ച കൂലിച്ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുവാൻ സാധിച്ചില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറിനമ്പർ:17,തിയതി 08.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾ കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, അതിനു അനുവദിച്ച കൂലിച്ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 2,55,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 കാർഷിക മേഖലയിലെ പദ്ധതി നിർവഹണം പരിശോധിച്ചതു പ്രകാരമുള്ള പൊതു നിർദേശങ്ങൾ

**നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ**

2024-25 വർഷത്തിൽ കാർഷിക മേഖലയിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ നിർവഹണം പരിശോധിച്ചതു പ്രകാരം താഴെ ചേർത്ത പൊതു നിർദേശങ്ങൾ നൽകുന്നു.

**1.** വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്ന പദ്ധതികളിൽ സ്ഥല പരിശോധന, കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, ഏതെല്ലാം കൃഷികളാണ് ചെയ്തിട്ടുള്ളത് തുടങ്ങിയ വസ്തുതകൾ ഉത്തരവാദിയായ കൃഷി ഓഫീസറോ/കൃഷി അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2) കൃഷിക്ക് കൂലിച്ചെലവ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സബ്സിഡി മാർഗ്ഗരേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ നെൽകൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. പരിശോധനാ റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ പല വ്യക്തിഗത അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതാണ്. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

3) വ്യക്തിഗത അപേക്ഷകളിൽ വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നി വർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4) നടീൽ, കൊയ്ത്ത്/വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

**1-27 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -തുക മുൻകൂറായി നൽകിയിട്ടും മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല**

| | | |
|---|---|---|
| പ്രൊജക്ട് പേര്,നമ്പർ | ബന്തടുക്ക ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ,106/25 | |
| അടങ്കൽ തുക | 3,00,000/-രൂപ | |
| ചെലവ് തുക | 3,00,000/-രൂപ | |
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി | 24200952007101088267<br>തിയ്യതി : 19.12.2024 | |
| ഫണ്ട് ഇനം | വികസന ഫണ്ട് പൊതുവിഭാഗം | |
| **സ്ഥാപനം** | **അക്കൗണ്ട് നമ്പർ** | **തുക** |
| Kerala State Homoepathec Co-Operative Pharmacy Ltd. Pathirappalli, Alappuzha (PO) | 34306403911 | 3,00,000രൂപ |
| പ്രൊജക്ട് നമ്പർ,പേര് | മാനടുക്കം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ,107/2024-25 | |
| അടങ്കൽ തുക | 1,00,000/-രൂപ | |
| ചെലവ് തുക | 1,00,000/-രൂപ | |
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി | 24200952007101088268<br>തിയ്യതി : 19.12.2024 | |
| ഫണ്ട് ഇനം | വികസന ഫണ്ട് പൊതുവിഭാഗം | |
| **സ്ഥാപനം** | **അക്കൗണ്ട് നമ്പർ** | **തുക** |
| Kerala State Homoepathec Co-Operative Pharmacy Ltd. Pathirappalli, Alappuzha (PO) | 34306403911 | 1,00,000രൂപ |

2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹോമിയോ ആശുപത്രികൾക്ക് മരുന്നുകൾ വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരം കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡ് ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ (ഹോംകോ) അക്കൗണ്ടിലേക്ക് യഥാക്രമം 3,00,000/-രൂപ 1,00,000/- എന്നിങ്ങനെ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ 25-10-2024 തീയ്യതിയിലെ ഇൻവോയ്സ് നം.LF-1397 പ്രകാരം 1,42,088/-രൂപയുടെയും 19-12-2024 തീയ്യതിയിലെ ഇൻവോയ്സ് നം.LF-54 പ്രകാരം 79,743/-രൂപയുടെയും മരുന്നുകൾ മാത്രമേ സ്ഥാപനത്തിന് ലഭിച്ചിട്ടുള്ളൂ. ബാക്കി യഥാക്രമം 1,57,912 രൂപയുടെയും 20,257 -രൂപയുടെയും മരുന്നുകൾ ഡിസ്പെൻസറിയിലേക്ക് വിതരണം ചെയ്തിട്ടില്ല. പ്രസ്തുത തുകയുടെ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകളുടെ ഇൻവോയ്സ് രേഖകളും മരുന്ന് സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി മരുന്ന് സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക്

ഹാജരാക്കേണ്ടതുമാണ്. മരുന്നുകൾ ലഭിക്കാത്തതിനാൽ 1,78,169 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി നം.14/2024-25 തീയതി 08-08-2025.

**1-28 അങ്കണവാടികൾക്ക് ചുമർ ചിത്രം- കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി.**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി തൻവർഷത്തിൽ ടെണ്ടർ ക്ഷണിച്ച് തോട്ടത്തിൽ എന്റെർപ്രൈസസ് മുഖാന്തിരം താഴെ പറയുന്ന പ്രകാരം അങ്കണവാടികൾക്ക് ചുമർ ചിത്രം എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് | 160/25 അങ്കണവാടികൾക്ക് ചുമർ ചിത്രം |
| അടങ്കൽ | 4,00,000/- രൂപ ( 2,58,000 CFC + 1,42,000 MGNR) |
| ചെലവ് | CFC-Basic- 2,58,000 രൂപ (വൗച്ചർ നം.22401153/തീ.4.3.2025)<br>MGNR- 1,42,000/-രൂപ(BRN.No.242009520060013 14833/തീ.12.2.2025)<br>ആകെ- 4,00,000 |
| നിർവ്വഹണം | ICDS സൂപ്പർവൈസർ |

മേൽ പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

കുറവ് നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി കൂടുതൽ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിരിക്കുന്നു. 16.10.2024 ലെ ICDS/01/2024 നം. കത്ത് പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് വ്യക്തികളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുകയും 10 വ്യക്തികൾ/സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ഇതിൽ സുനിൽ കുമാർ കെ, തോട്ടത്തിൽ എന്റെർപ്രൈസസ് ചെർക്കളയുടെ ടെണ്ടർ 06.11.2024 ലെ 2(1) നം. തീരുമാന പ്രകാരം പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും തുടർനടപടി സ്വീകരിക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസറിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രൊക്യൂർമെന്റ് മിനിട്സ് പരിശോധിച്ചതിൽ മേൽ നടപടികൾ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിക്കുകയോ ഭരണസമിതിയ്ക്ക് ശിപാർശ ചെയ്യുകയോ ഉണ്ടായിട്ടില്ല. ഗ്രാമ പഞ്ചായത്ത് ടെണ്ടറിൽ ആവശ്യപ്പെട്ടപ്രകാരം വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച നിരക്കുകൾ ചുവടെ ചേർക്കുന്നു.

| നം | ടെണ്ടർ സമർപ്പിച്ച സ്ഥാപനം/ വ്യക്തികൾ | ക്വാട്ട് ചെയ്തനിരക്ക് |
|---|---|---|
| 1 | **അശോകൻ കെ** | 3,10,000 @20/Sqft |
| 2 | **പ്രശാന്ത് പി** | 3,87,500 @25/Sqft |
| 3 | **MD, ഡ്രീം ഹോം ഫർണിച്ചർ, ബാലുശേരി** | 44/Sqft |
| 4 | **ദോസ്തി ആർട്സ്, കുണ്ടംകുഴി** | 3,17,750@20.5/Sqft |
| 5 | **ശ്രീദുർഗ്ഗ എഞ്ചിനീയറിംഗ് വർക്ക്, ചെർക്കള** | 3,84,693@24.82/ Sqft |
| 6 | **രതീഷ് കെ.പി** | 3,20,000 @ 20.6/ Sqft |
| 7 | **സുനിൽ കുമാർ കെ, തോട്ടത്തിൽ എന്റെർപ്രൈസസ് ചെർക്കള** | 18.75/Sqft |
| 8 | **ഗണേശൻ സി, മലബാർ അസോസിയേറ്റ്സ് ചിത്രാലയം, പാലപ്പുഴ, കോടോത്ത്.** | 13.90/Sqft |
| 9 | **കീർത്തി യൂണിഫോംസ് , പയ്യന്നൂർ** | 22.20/Sqft |
| 10 | **മണികണ്ഠൻ കെ, മാനസ, പെരുമ്പള.** | 3,70,450 @ 23.9/ Sqft |

ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം മുകളിൽ വിവരിച്ച 10 ക്വട്ടേഷനുകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ സി ഡി എസ് സൂപ്പർ വൈസർ തയ്യാറാക്കി സമർപ്പിച്ച ടെണ്ടർ ടാബുലേഷൻ ഷീറ്റ് ഭരണസമിതി ചർച്ച ചെയ്യുകയും ഇതിൽ ഏറ്റവും കുറഞ്ഞ തുക (സ്ക്വയർ ഫീറ്റിന് 13.90 രൂപ) ക്വാട്ട് ചെയ്ത ശ്രീ. ഗണേശൻ സി, മലബാർ അസോസിയേറ്റ്സ് ചിത്രാലയം, പാലപ്പുഴ, കോടോത്ത് പി. ഒ എന്നവർ ടെണ്ടർ ഫോറം വിലയും നിരദദ്രവ്യവും ഒടുക്കിയിട്ടില്ല എന്ന് കാരണത്തിന്റെ അടിസ്ഥാനത്തിൽ ടി ക്വട്ടേഷൻ തള്ളുകയും തുടർന്ന് രണ്ടാമതായി ഏറ്റവും കുറഞ്ഞ തുക (സ്ക്വയർ ഫീറ്റിന് 18.75 രൂപ) ക്വാട്ട് ചെയ്ത ക്വട്ടേഷണർ ആയ ശ്രീ.

സുനിൽകുമാർ കെ, തോട്ടത്തിൽ എന്റർപ്രൈസസ്, ചെർക്കള പി ഒ, ചെങ്കള എന്നവരുടെ ക്വട്ടേഷൻ ഭരണസമിതി ഏകകണ്ഠമായി 6.11.2024-ലെ 2/11 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചതായി കാണുന്നു.എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും വാങ്ങിയ ടെണ്ടർ ഫോമിൽ തന്നെയാണ് ശ്രീ. ഗണേശൻ സി, മലബാർ അസോസിയേറ്റ്സ്,ചിത്രാലയം എന്നവർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്.കൂടാതെ ഈ സ്ഥാപനത്തിന് MSME രജിസ്ട്രേഷൻ ഉള്ളതിനാൽ നിരദ്രവ്യം അടവാക്കുന്നതിനും ഇളവുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ സഹിതമാണ് ശ്രീ. ഗണേശൻ സി, മലബാർ അസോസിയേറ്റ്സ് ചിത്രാലയം എന്നവർ ഇവിടെ ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ആയതൊന്നും പരിഗണിക്കാതെയാണ് ഭരണസമിതി ശ്രീ. ഗണേശൻ സിയുടെ ക്വട്ടേഷൻ തള്ളുകയും കൂടിയ തുക ക്വാട്ട് ചെയ്തയാളുടെ ക്വട്ടേഷൻ അംഗീകരിച്ച് അനുമതി നല്കുകയും ചെയ്തിരിക്കുന്നത്. ഇതുമൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് AE യുടെ Valuation അളവ് വിവരം താഴെ കൊടുക്കുന്നു.

| Sl.No | C.NO | CENTER NAME | Wall Painting Area In M2 |
|---|---|---|---|
| 1 | 74 | Bethurpara | 71.7 |
| 2 | 75 | Thacharakund | 41.48 |
| 3 | 76 | Parappa | 60 |
| 4 | 77 | Valav | 58.69 |
| 5 | 78 | Pallathupara | 50 |
| 6 | 79 | Ittakkad | 60 |
| 7 | 80 | Pallathingal | 73 |
| 8 | 81 | Punnyamkandam | 75 |
| 9 | 82 | Chayithadukkam | 49.38 |
| 10 | 83 | Sankarampady | 70 |
| 11 | 84 | Paduppu | 51 |
| 12 | 85 | Annappadi | 45 |
| 13 | 86 | Chikkandamoola | 58.2 |
| 14 | 87 | Manimoola | 74 |
| 15 | 88 | Unthathadkkam | 64.3 |
| 16 | 89 | Narambilakandam | 83 |
| 17 | 90 | Koppalammoola | 77 |
| 18 | 92 | Bethalam | 49 |
| 19 | 93 | Choorithode | 75 |
| 20 | 94 | Kakkachal | 56 |
| 21 | 95 | Manadukam | 98 |
| 22 | 96 | Veetiyadi | 63 |
| 23 | 97 | Eniyadi | 70 |
| 24 | 98 | Bandamkai | 47 |
| 25 | 99 | Ottamavungal | 75 |
| 26 | 100 | Puluvinchi | 53 |
| 27 | 101 | Anakallu | 54.42 |
| 28 | 102 | Karivedakam | 91 |
| 29 | 103 | Chuzhippu | 75 |
| 30 | 104 | Alinthazhe | 54 |
| 31 | 106 | Athiyadukkam | 77 |
| | | **ആകെ** | **1999.17 M2 @ 21519 Sqft** |

മേൽ പ്രവർത്തി ചെയ്തതിന് അളവ് 21500 Sqft-ആയി കണക്കാക്കി 4,03,125 രൂപയുടെ ബില്ല് ശ്രീ. സുനിൽകുമാർ കെ, തോട്ടത്തിൽ എന്റർപ്രൈസസ്, ചെർക്കള എന്നവർ സമർപ്പിക്കുകയും പ്രോജക്ടിൽ Limit ചെയ്ത് 4,00,000 രൂപ നല്കുകയും ചെയ്തു. 18.75 രൂപ /Sqft-ന് നല്കിയാണ് ഇവിടെ തുക അനുവദിച്ചിട്ടുള്ളത്. ചെറിയ തുക ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കുകയായിരുന്നെങ്കിൽ AE യുടെ

Valuation അളവ് പ്രകാരം നല്കേണ്ടിയിരുന്ന തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| Valuation അളവ് | 21500 Sqft. |
| ശ്രീ. ഗണേശൻ സി, മലബാർ അസോസിയേറ്റ്സ് ചിത്രാലയം എന്നവർ ക്വാട്ട് ചെയ്ത തുക | 13.90/Sqft |
| ആകെ നല്കേണ്ടിയിരുന്ന തുക | 21500 Sqft X 13.90/Sqft.= 2,98,850 |
| അധികം നല്കിയ തുക. | 4,00,000- 2,98,850 = 1,01,150 രൂപ. |

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം നല്കുന്നതിന് വേണ്ടി നല്കിയ ഓഡിറ്റ് എൻക്വയറി നം.18/തീ.11.08.2025- ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി നല്കുകയുണ്ടായി, ടെണ്ടർ വിളിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.ഗണേശൻ സി, മലബാർ അസോസിയേറ്റ്സ് ചിത്രാലയം, പാലപ്പുഴ, കോടോത്ത് പി. ഒ എന്നവർ ടെണ്ടർ പ്രകാരം കുറവ് തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും, ശ്രീ.ഗണേശൻ സി-യ്ക്ക് പ്രവൃത്തി ഏൽപ്പിച്ച് കൊടുക്കുന്നതിന് മുന്നോടിയായി പഞ്ചായത്ത് പ്രസിഡണ്ടും, സെക്രട്ടറിയും, നിർവ്വഹണോദ്യോഗസ്ഥയായ ഞാനും ഉൾപ്പെടെ ശ്രീ.ഗണേശൻ സി മുൻ വർഷം ചെയ്ത മറ്റു ചില പഞ്ചായത്തിലെ പ്രവൃത്തികൾ നേരിട്ട് പരിശോധിച്ചെന്നും, പരിശോധിച്ചവയ്ക്ക് തീരെ ഗുണനിലവാരം ഇല്ലായെന്നും നിറം മങ്ങിയതായും കാണപ്പെട്ടുവെന്നും, ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണ സമിതി കൂടി ശ്രീ.ഗണേശൻ സി-യെ ഒഴിവാക്കി തൊട്ടടുത്ത ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ശ്രീ. സുനിൽകുമാർ കെ, തോട്ടത്തിൽ എന്റർപ്രൈസസ്, ചെർക്കള എന്നവരെ പ്രവൃത്തി ഏൽപ്പിക്കുന്നതിന് എന്നെ ചുമതലപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത് എന്നുമാണ് മറുപടി നല്കിയിട്ടുള്ളത്. എന്നാൽ ഈ മറുപടി സാധൂകരിക്കുന്ന രേഖകളൊന്നും നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയിട്ടില്ല. മറുപടിയിൽ പറഞ്ഞിട്ടുള്ളവയിൽ ശ്രീ.ഗണേശൻ സി മുൻ വർഷം ചെയ്ത ഏത് ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികളാണ് പഞ്ചായത്ത് പ്രസിഡണ്ടും, സെക്രട്ടറിയും, നിർവ്വഹണോദ്യോഗസ്ഥയും നേരിട്ട് പോയി പരിശോധിച്ചെന്നും, ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണ സമിതി കൂടി ശ്രീ.ഗണേശൻ സി-യെ ഒഴിവാക്കി തൊട്ടടുത്ത ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ശ്രീ. സുനിൽകുമാർ കെ, തോട്ടത്തിൽ എന്റർപ്രൈസസ്, ചെർക്കളയെ പ്രവൃത്തി ഏൽപ്പിക്കാൻ കാരണമായ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനമാനത്തിന്റെ മിനുട്സോ, മറ്റ് രേഖകളോ നിർവ്വഹണോദ്യോഗസ്ഥ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ല. ആയതിനാൽ അംഗണവാടികൾക്ക് ചുമർ ചിത്രം എന്ന പ്രോജക്ടിന് വേണ്ടി ചെലവഴിച്ച 4,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർവ്വഹണോദ്യോഗസ്ഥ നല്കിയ മേൽ മറുപടിയ്ക്ക് വ്യക്തമായ രേഖകൾ ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം നല്കേണ്ടതാണ്.അല്ലാത്ത പക്ഷം കുറഞ്ഞ നിരക്കിലെ ടെണ്ടർ അംഗീകരിക്കാതെ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി നല്കിയതുവഴി ഉണ്ടായ അധിക ചെലവ് നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കി നഷ്ട തുക ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

## 1-29 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ- യഥാർത്ഥ മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി

MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. SECURE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ സിമന്റിന് ഉൾപ്പെടുത്തിയ നിരക്ക് അടിസ്ഥാനമാക്കിയാണ് ടെണ്ടർ ചെയ്ത് സിമന്റ് വാങ്ങിയത്. ഒരു ടണ്ണിന് 10240/ 11,520 രൂപയാണ് സോഫ്റ്റ് വെയറിൽ സിമന്റിന്റെ വില. ഈ നിരക്കിൽ 50 കിലോയുടെ ഒരു ചാക്കിന് 512/576 രൂപയാണ് വിലയായി കണക്കാക്കിയിരിക്കുന്നത്. ഈ നിരക്ക് പ്രകാരം ടെണ്ടർ ചെയ്താണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. എല്ലാ പ്രവൃത്തികളിലും എസ്റ്റിമേറ്റ് നിരക്കുകളിലാണ് ടെണ്ടർ എടുത്തിരിക്കുന്നതും വെണ്ടർമാർക്ക് പേമെന്റ് നൽകിയിരിക്കുന്നതും.

ഉദാ-

| ക്രമ നം | പ്രവൃത്തി | സിമന്റിന്റെ അളവ്, നിരക്ക് | റിമാർക്സ് |
|---|---|---|---|
| 1 | പ്രവൃത്തിയുടെ പേര്-നരിയന്റെപുന്നെ കമ്മ്യൂണിറ്റിഹാൾ റോഡ് കോൺക്രീറ്റ് വാർഡ് 12 (1601002006/RC/377828)<br>കരാറുകാരൻ- ഹരിഹരൻ<br>FTO നമ്പർ, തിയതി, തുക- 0121EATPAYREQ22112024161697,<br>തുക- 400661 രൂപ | വാങ്ങിയ സിമന്റ്- 16 ടൺ X Rs.11520/ ടൺ = 184320 രൂപ<br>നിരക്ക്- ചാക്കിന് 576 രൂപ | സിമന്റിന്റെ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല. |
| 2 | പ്രവൃത്തിയുടെ പേര്- ഞെരു കയ്യയിൽ റോഡ് കോൺക്രീറ്റ് വാർഡ് 14 (1601002006/ RC/377838)<br>കരാറുകാരൻ- അരവിന്ദാക്ഷൻ.കെ | വാങ്ങിയ സിമന്റ്- 14.04 ടൺ X Rs. 11520 /ടൺ = 161741 രൂപ<br>നിരക്ക്- ചാക്കിന് 576 രൂപ | സിമന്റിന്റെ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല. |
| 3 | പ്രവൃത്തിയുടെ പേര്- പട്ടുപ്പ് കൊറക്കോൽ റോഡ് കോൺക്രീറ്റ് (1601002006/ RC/343976)<br>കരാറുകാരൻ- സതീഷ്.എം | വാങ്ങിയ സിമന്റ്- 14.4 ടൺ X Rs.10240 /ടൺ = 147456രൂപ<br>നിരക്ക്- ചാക്കിന് 512 രൂപ | സിമന്റിന്റെ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല. |
| 4 | പ്രവൃത്തിയുടെ പേര്- Manimoola Nerimadi Road Concrete Ward 6 (1601002006/ RC/357403)<br>കരാറുകാരൻ- സുരേഷ് കുമാർ.എ | വാങ്ങിയ സിമന്റ്- 19.29 ടൺ X Rs.10240 /ടൺ = 197529.6 രൂപ<br>നിരക്ക്- ചാക്കിന് 512 രൂപ | സിമന്റിന്റെ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല. |
| 5 | പ്രവൃത്തിയുടെ പേര്- Kombakallu Kudiyamkadavu Road Concrete Ward 7 (1601002006/RC/372864)<br>കരാറുകാരൻ- അരവിന്ദാക്ഷൻ.കെ | വാങ്ങിയ സിമന്റ്- 19.29 ടൺ X Rs.10240 /ടൺ = 197529.6 രൂപ<br>നിരക്ക്- ചാക്കിന് 512 രൂപ | സിമന്റിന്റെ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല. |

2022-23 മുതൽ 2024-25 വരെയുള്ള കാലയളവിൽ കാസറഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി വില ഒരു ചാക്കിന് 400 രൂപയിൽ താഴെയാണ്. എന്നാൽ ഇത് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ചെയ്തതിനാൽ MRP യെക്കാൾ വളരെയധികം തുക വെണ്ടർമാർക്ക് നൽകേണ്ടി വന്നിട്ടുണ്ട്. വെണ്ടർമാർക്ക് തുക നൽകുമ്പോൾ അവരിൽ നിന്നും സിമന്റിന്റെ ഇൻവോയ്സ് വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കുന്ന സമ്പ്രദായം പഞ്ചായത്ത് അവലംബിച്ചിട്ടില്ല. ഇതേ പോലെ എല്ലാ റോഡ് കോൺക്രീറ്റ് വർക്കുകളിലും സിമന്റ് സമാഹരിക്കപ്പെട്ടത് മേൽ വിവരിച്ച പ്രകാരമാണ്. വലിയ അധികച്ചെലവ് ഇതിൽ പഞ്ചായത്തിന് വഹിക്കേണ്ടി വന്നിട്ടുണ്ട്.

സാധന സാമഗ്രികൾ ഉപയോഗിച്ചിട്ടുള്ള വ്യക്തഗത വർക്കുകളുടെ ഫയലിൽ ഗുണഭോക്താക്കൾ വാങ്ങിയ സാധന സാമഗ്രികളുടെ ബില്ലുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ബില്ലുകളുടെ പരിശോധനയിൽ 2024-25 ൽ കാസറഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി MRP ഒരു ചാക്കിന് 400 രൂപയിൽ താഴെയാണ് എന്ന് മനസ്സിലാക്കാവുന്നതാണ്. ഉദാഹരണം-

വർക്ക് കോഡ് IF/779634- എം.എൻ.വിനോദ് കുമാർ എന്നവർക്ക് കുളം നിർമാണം എന്ന പ്രവൃത്തിയിൽ സുരഭി ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ 20.05.2024ലെ ഇൻവോയ്സ് നം. 583 പ്രകാരം 9 ചാക്ക് സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 353.50 രൂപ നിരക്കിൽ ആണ്.

വർക്ക് കോഡ് IF/866738 – ബിന്ദു.കെ എന്നവർക്ക് സോക്ക് പിറ്റ് നിർമാണം എന്ന പ്രവൃത്തിയിൽ സൗമ്യ സ്റ്റീൽസ്, ചട്ടഞ്ചാൽ എന്ന സ്ഥാപനത്തിന്റെ 26.05.2023ലെ ഇൻവോയ്സ് നം. 144 പ്രകാരം 3

ചാക്ക് സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 384 രൂപ നിരക്കിൽ ആണ്.

വർക്ക് കോഡ് IF/945750 – നൂറുന്നിസ എന്നവർക്ക് സോക്ക് പിറ്റ് നിർമാണം എന്ന പ്രവൃത്തിയിൽ സെൻട്രൽ ഹാർഡ്വേഴ്സ്, പട്ടപ്പ് എന്ന സ്ഥാപനത്തിന്റെ 16.05.2024ലെ ഇൻവോയ്സ് നം. 277 പ്രകാരം 6 ചാക്ക് സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 345.6 രൂപ നിരക്കിൽ ആണ്.

വർക്ക് കോഡ് IF/922995 – ഇന്ദിര.പി എന്നവർക്ക് ഫാം കുളം നിർമാണം എന്ന പ്രവൃത്തിയിൽ സെഞ്ചുറി ഹാർഡേവേഴ്സ് ബേത്തുർപ്പാറ എന്ന സ്ഥാപനത്തിന്റെ 27.03.2024ലെ ഇൻവോയ്സ് നം. 209 പ്രകാരം 3 ചാക്ക് സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 397 രൂപ നിരക്കിൽ ആണ്.

SECURE സോഫ്റ്റ് വെയറിലെ നിരക്ക് അതേ പടി പാലിച്ച് ടെണ്ടർ ചെയ്യുന്നതിന് പകരം നിരക്ക് ക്രമാതീതമായി അധികമാണെന്ന് മനസ്സിലാക്കി മാർക്കറ്റ് നിരക്ക് അടിസ്ഥാന്പെടുത്തി ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നവെങ്കിൽ ഭീമമായ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു.

ഈ വിഷയം മറ്റു പല ജില്ലകളിലും NREGA ഓംബുഡ്സ് പേഴ്സന്റെ ശ്രദ്ധയിൽ പെട്ടുകയും നിർബന്ധമായും പാക്കേജ്ഡ് സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ നിരക്ക് MRPയെക്കാൾ അധികം വരാത്ത വിധത്തിൽ മാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കി ടെണ്ടർ ചെയ്യണമെന്ന് അവാർഡ് വന്നിട്ടുള്ളതാണ്. (ഉദാഹരണം MGNRGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്.)

ശരാശരി മാർക്കറ്റ് നിരക്കിനേക്കാൾ അധികം തുകയിൽ സിമന്റ് സംഭരിക്കുവാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ SECURE സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന മാർക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തിയാണ് ടെണ്ടർ നടപടികളിലൂടെ സമാഹരണം നടത്തിയത് എന്നും സിമന്റ് നിരക്കിലെ അപാകത ആവർത്തിക്കാതിരിക്കാൻ സോഫ്റ്റ്‌വെയറിലെ നിരക്ക് നിജപ്പെടുത്തേണ്ടതുണ്ട് എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഈ വിഷയം NREGA മിഷന്റെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ് എന്ന് അറിയിക്കുന്നു. അതിന് കാലതാമസം വരുന്ന പക്ഷം ടെണ്ടർ ഷെഡ്യൂളിൽ നിരക്ക് ക്രമീകരിച്ച് ഭീമമായ അധികച്ചെലവ് വരുന്ന സാഹചര്യം ഒഴിവാക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

**(ഓഡിറ്റ് എൻക്വയറി നം. 20/ 11.08.20205)**

